
സത്യം അഹിംസ

ദർശനം

(ജയ് ജഗത്)

സ്ഥാപക പത്രാധിപർ : ഡി. പങ്കജാക്ഷക്കുറുപ്പ്

പുസ്തകം 42 | ലക്കം 1 | ജനുവരി 20



# പുതുവർഷ സന്ദേശം

**ഡി. പങ്കജാക്ഷൻ. 2003 ജൂൺ 15**

*പ്രിയമുള്ളവരേ,*

*പുതുവർഷാരംഭത്തിൽ നീർക്കുന്നത്ത് ധന്യയിൽ കൂടിയ ദർശനം സുഹൃത്തുക്കൾ വായിച്ച് ചർച്ചചെയ്ത കുറുപ്പുസാറിന്റെ ഈ ലേഖനം പുതുവർഷസന്ദേശമായി സമർപ്പിക്കുന്നു. പുതുവർഷമെന്നത് ആത്മപരിശോധനയ്ക്കുള്ള ഒരവസരമാണ്. കഴിഞ്ഞ വർഷത്തെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തണം. നമ്മുടെ പ്രശ്നങ്ങൾക്ക് കാരണം നാം നമ്മെ പറ്റിമാത്രം ചിന്തിക്കുന്നതാണ്. മറ്റുള്ളവരുടെ സന്തോഷത്തെകുറിച്ചും കൂടി ചിന്തിക്കൂ... പ്രവർത്തിക്കൂ... പരസ്പരാനന്ദമാണ് ജീവിതാനന്ദമെന്ന കുറുപ്പുസാറിന്റെ സന്ദേശം ഒന്നുപഠിച്ചുനോക്കാം. ഓടിച്ചുവായിക്കരുതേ. ശ്രദ്ധയോടെ വായിച്ചാലും.*

മനുഷ്യമനസ്സ് സാഹചര്യത്തിന്റെ അടിമയാണ്. ഈ അടിമത്തത്തിൽ നിന്നുള്ള മോചനത്തിന് ആദ്യമായി വേണ്ടത് ഞാനടിമയാണ് എന്ന ബോദ്ധ്യമാണല്ലോ. ഈ ബോദ്ധ്യം കൊടുത്താലും മോചനപ്രവർത്തനം ഉണ്ടാകണമെന്നില്ല എന്ന് ഞാൻ സമ്മതിക്കുന്നു. ചില മാടത്തകൾ തുറന്നുവിട്ടാലും കൂടിന്റെ പരിസരം വിട്ടുപോകില്ല. ദൂരേയ്ക്ക് പറന്ന്പോകാൻ അതിന് ഭയമാണ്. നാം അത്തരം ഒരു മാനസിക ഭയാവസ്ഥയിൽ പെട്ടുപോയിരിക്കുകയാണോ?

ഒരു ദിവസം ഏതാനും ചെറുപ്പക്കാർ ഉച്ചനേരത്ത് എന്റെയടുത്ത് വന്നു. അവർ ഒരാരാധനാലയത്തിലെ ഉത്സവം പൂർവ്വാധികം ഭംഗിയായി നടത്തുവാൻ കഷ്ടപ്പെട്ട് വെയിലത്ത് നടന്ന് വരികയായിരുന്നു. അവർക്കെല്ലാം സംഭാരം കൊടുത്തു. സന്തോഷമായി പത്തുരൂപയും കൊടുത്തു. നിങ്ങൾ 10 മിനിട്ട് വിശ്രമിച്ചിട്ട് പോവുകയല്ലേ നല്ലത് എന്ന് ചോദിച്ചപ്പോൾ അവരത് സ്വീകരിച്ചു. ഇത് ആദ്ധ്യാത്മികതയല്ലെന്നും ഉത്സവം നടത്തുന്നവരിലും അത് കാണാൻ വരുന്നവരിലും പൂജാരിയിൽപ്പോലും മൂല്യങ്ങളൊന്നും വളരാൻ സഹായകരമാകുന്നില്ലെന്നും ഞാൻ അഭിപ്രായപ്പെട്ടതിനോട് അവർ ആറുപേരും യോജിച്ചു. ഒരു ചടങ്ങ്, ഒരു പാഴ്‌വേല. ഇല്ലാത്ത പണം പിരിച്ചെടുത്ത് വെറുതെ പുകച്ചുകളയുന്നു, എന്നെല്ലാം അവർ സമ്മതിച്ചു സന്തോഷമായി യാത്ര പറഞ്ഞ് അവർ പിരിവിന് പോയി. അടുത്ത വർഷവും വരും ഇതാണ് പ്രശ്നം. ഇനി അടുത്ത വർഷം വരുമ്പോൾ ഞാൻ അവരോടെന്ത് പറയും. ഞങ്ങൾ ഇരുകൂട്ടരും പൂർണാത്മനാ ഈ വിഷയത്തിൽ യോജിച്ച് കഴിഞ്ഞു. ഇനി എന്താ ചെയ്ക. ഇതുപോലെ വിഭവസമൃദ്ധമായി ആർഭാടമായി കല്യാണം നടത്തുന്നവരും സമ്മതിക്കും. വൻ കെട്ടിടങ്ങൾ നിർമ്മിച്ച് അതിന്റെ ഒരു കോണിൽ കഴിയുന്നവരും ഇത്രവേണ്ടിയിരുന്നില്ല എന്ന് സമ്മതിക്കും. ഈ നിഷ്ക്രിയമായ സമ്മതങ്ങളെ എങ്ങനെ സത്ക്രിയമാക്കാം.

യുദ്ധംകൊണ്ട് ഒന്നുംനേടാനാവില്ലെന്ന് കൃഷ്ണനും അർജ്ജുനനും ദുര്യോധനനും അറിയാമായിരുന്നു. ദുര്യോധനൻ ഒരിക്കൽ പറഞ്ഞു. ധർമ്മം എന്താണെന്നെനിക്കറിയാം. അധർമ്മം എന്താണെന്നും എനിക്കറിയാം. ധർമ്മത്തെ പ്രായോഗികമാക്കുവാനും അധർമ്മത്തിൽ നിന്ന് കരകയറുവാനും എനിക്ക് കഴിയുന്നില്ല.

"ജാനാമി ധർമ്മം നചമേ പ്രവൃത്തി
ജാനാമ്യ ധർമ്മം നചമേ നിവൃത്തി"

ദുര്യോധനന്റെ ഈ അവസ്ഥയിലാണ് ബിൻലാദനും ബുഷും ഉൾപ്പെടെ നാം എല്ലാം ഉള്ളത്. ഒരുപദേശവും ഒരു തത്വ

സംഹിതയും അറിഞ്ഞിട്ടും അറിയിച്ചിട്ടും ഇനി കാര്യമില്ലെന്നായിരിക്കുന്നു. വളരെ ദയനീയമായ ഒരു അവസ്ഥയിലാണ് നാം എത്തപ്പെട്ടിരിക്കുന്നത്. എന്തുകൊണ്ടിങ്ങനെ വന്നു. എങ്ങനെ നേർവഴിയിൽ എത്താം. ഇതിന് ശരി ഉത്തരം പറയാൻ ആർക്ക് കഴിയും.

ഞാനത് സമ്മതിക്കുന്നു. എന്നാൽ ദർശനത്തിന്റെ പ്രവർത്തനങ്ങൾ തികച്ചും അന്ധകാരത്തിലെ തപ്പിത്തടയലാണെന്ന് ഞാൻ കരുതുന്നില്ല. കണ്ടെത്തലുണ്ട്. അത് ചിലപ്പോൾ സത്യസന്ധമല്ലെന്നും വരാം. അതെന്താണെന്ന് അനിയനും അറിയാമല്ലോ. ആവർത്തിച്ചിട്ട് കാര്യമില്ല. കണ്ടെത്തിയത് സംഭവമാകുന്നില്ല. അതാണ് ഇപ്പോൾ നമ്മുടെ മുന്നിലുള്ള പ്രശ്നം. ബഹുജനശ്രദ്ധ നേർവഴികളിൽ നിന്ന് പാളിപ്പാളി പോകുന്നു. മുത്തങ്ങ സംഭവവും മാറാട് സംഭവവും സർക്കാരിന്റെ പിടിപ്പുകുറവുകൊണ്ട് ഉണ്ടായതാണെന്ന് അന്വേഷണ കമ്മീഷനെ വെച്ച് കാരണം കണ്ടെത്തണമെന്നും ബഹുജനം ആവശ്യപ്പെടുന്നു. അതേ സമയം ഈ നടന്നതിനേക്കാൾ എത്രയോ ഭീകര സംഭവങ്ങൾ നടത്താൻ പരസ്യമായി തന്നെ ശ്രമം നടന്നുകൊണ്ടുമിരിക്കുന്നു. അപ്പൂപ്പന്റെ അഭിപ്രായത്തിൽ സംഭവങ്ങളുടെ കാരണം വ്യക്തമാണ്. യാതൊരു അന്വേഷണവും ആവശ്യമുള്ളതല്ല. തന്റെ കൂട്ടത്തിൽപ്പെടാത്തവർ തനിക്ക് ആപത്താണെന്നും അവനെ കൊല്ലുന്നത് തന്റെ ധർമ്മമാണെന്നും ഒരു ധാരണ സമൂഹത്തിൽ പരന്നിട്ടുണ്ട്. നമ്മുടെ വർഗ്ഗം പതിനായിരക്കണക്കിന് തുണ്ടുകളായി മുറിക്കപ്പെട്ടുപോയി. ഓരോ വ്യക്തിയും ഓരോ തുണ്ട് ആണെന്ന് പറയാം. മറ്റുള്ളവരുടെ മേൽ ആധിപത്യം സ്ഥാപിക്കാൻ ഓരോരുത്തരും ശ്രമിക്കുകയാണ്. മറ്റുള്ളവരുമായി അടുത്തിടപെട്ട് സ്വരലയത്തോടെ ജീവിക്കാൻ നാം പരിശീലിക്കുന്നില്ല. പരസ്പരാനന്ദ ജീവിത പരിശീലന കളരികൾ ഒരിടത്തുമില്ല. മറ്റൊരാൾ ഉണ്ടായിരിക്കുന്നത് തനിക്ക് കീഴ്പ്പെടുത്തുവാനാണ് എന്ന പരിശീലനമാണ് മനസ്സിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഉത്കണ്ഠയും ഭയവും കീഴ്പ്പെടുത്തുവാനുള്ള തീവ്രതീഷ്ണതയും അടങ്ങാത്ത അഹംഭാവവും കൊണ്ട് സ്വസ്ഥബുദ്ധി നശിച്ച മനസ്സാണ് മാറാടിന്റെയും മുത്തങ്ങയുടെയും ഇറാക്കിന്റെയും ബുഷിന്റെയും പിന്നിൽ പ്രവർത്തിക്കുന്നത്.

പരമ്പരയായി ഏറെക്കുറെ കത്തിപ്പടരുന്ന പ്രതികാര വാഞ്ചയാണ് ഇസ്രേയിലേയും പാലസ്തീനിലെയും ഭീകരതയുടെ ഉള്ളിൽ ഉള്ളത്. കുടുംബങ്ങൾക്കകം വരെ അപരൻ എനിക്ക് ആപത്ത് എന്ന ധാരണ പടർന്നിരിക്കുന്നു. അച്ഛൻ എന്റെ മുന്നിലായി പോയാൽ ഞാൻ ഇല്ലാതാകും എന്നൊരു തെറ്റിദ്ധാരണ പരന്ന് പോയി. ഞാൻ നോക്കിയിട്ട് ഒരു സംഭവത്തിന്റെയും കാരണം അന്വേഷിക്കാൻ ആരും ബദ്ധപ്പെടേണ്ടതില്ല. കാരണം അത്ര വ്യക്തമാണ്. എന്റെ കൂട്ടത്തിൽപ്പെടാത്തവന്റെ ഉന്മൂലനം വരുത്താൻ എന്നാലാവത് ഞാൻ ചെയ്തുകൊണ്ടേ ഇരിക്കും. ഈ മനോഭാവമാണ് കാരണം.

മനുഷ്യ മനസ്സിനെ ഭയത്തിന്റെ വിവിധ ചാനലുകളിലേയ്ക്ക് തിരിച്ചുവിട്ട് മനുഷ്യത്വത്തിൽ നിന്ന് അകറ്റിക്കൊണ്ട് പോകാൻ ബുദ്ധിപരമായ ശ്രമങ്ങൾ സഫലമായി നടന്നുകൊണ്ടിരിക്കുക യാണ്. എയ്ഡ്സ്, സാർസ്, ആന്ത്രാക്സ് വരാനിരിക്കുന്ന പുതിയ മാരകരോഗങ്ങളുടെ പേരൊക്കെ അണിയറയിൽ രൂപപ്പെടുത്തി ക്കൊണ്ടിരിക്കുകയാണ്. താമസംവിനാ മനുഷ്യമനസ്സിനെ സ്വന്തം കയ്യിലിട്ട് കുശവൻ മൺപാത്രത്തെ എന്നപോലെ പന്താടുവാൻ സാത്താന് കഴിയും. പിന്നെ പറഞ്ഞിട്ട് കാര്യമില്ല. എനിക്ക് തെറ്റിപ്പോയി അപ്പൂപ്പാ. ഇപ്പോൾ തന്നെ നാം സാത്താന്റെ കയ്യിലെ പാവകളായി കഴിഞ്ഞില്ലേ. അതുകൊണ്ടല്ലേ പിശാചിന്റെ ആകർ ഷണവലയത്തിൽ പെട്ട് പണത്തിന്റേയും അധികാരത്തിന്റെയും കീഴടക്കലിന്റെയും, പിന്നാലെ നാം പായുന്നത് ഇതിന്റെ ഒന്നും പിന്നാലെ പോകാതെ ഉദാസീനരായി എന്തും വരട്ടെ എന്ന് കരുതി, തീരെ ചെറിയൊരു വൃത്തത്തിൽ രസം പറ്റി ഇരിക്കുന്നവരുടെ എണ്ണം കൂട്ടിക്കൊണ്ട് വരാനും സാത്താന് കഴിഞ്ഞിരിക്കുന്നു. ഈ സമൂഹത്തെ ഉണർത്തുവാനുള്ള വഴിയാണ് ലോകത്തിനാകെ അടിയന്തിരമായി വേണ്ടിയിരിക്കുന്നത്.

ചിന്തിക്കുന്നവർക്ക് തിടുക്കം തോന്നുമെങ്കിലും സൃഷ്ടി വിനാശം പോലെ വേഗം നടക്കില്ല. ധ്രുവങ്ങളിലെ മഞ്ഞുരുക്കി ഹിമാലയത്തെ അതിലാഴ്ത്താൻ ശാസ്ത്രത്തിന് വേഗം കഴിഞ്ഞുവെന്ന് വരും. എന്നാൽ ശത്രു എന്ന് കരുതി ഒരുവനെ കൊല്ലാനോങ്ങുന്ന വാൾ ദൂരെ എറിഞ്ഞിട്ട് ആ ശത്രുവിനെ സ്വന്ത മാക്കുവാനുള്ള കല ശത്രുവിനെ മിത്രമാക്കുന്നതാണ് ലാഭം എന്ന

ബോധം- ഒരു മനസ്സിൽ ഉളവാക്കാൻ എളുപ്പമല്ല. നമുക്ക് നഷ്ടപരിഹാരം നൽകാം. പുനരധിവാസം ഉറപ്പാക്കാം. ദാരിദ്ര്യം മാറ്റാം. എല്ലാവർക്കും തൊഴിൽ നൽകാം. എന്നാൽ മനുഷ്യ മനസ്സിൽ എരിഞ്ഞുകൊണ്ടിരിക്കുന്ന വൈരാഗ്യ അഗ്നിയെ ആർദ്രതയുടെ കുളിരുറവയാക്കാൻ എളുപ്പമല്ല. എളുപ്പമല്ലാ ത്തതുകൊണ്ട് അത് വേണ്ടെന്നു വെച്ച് കൂടാ. അത് തന്നെയാണ് നടക്കേണ്ടത്. പത്തുകോടി കൊടുത്ത് ബിൻലാദന്റെ തല ബുഷിന്റെ മുമ്പിൽ വെട്ടിവെയ്ക്കാൻ ഇന്ന് ശ്രമിക്കുകയാണ്. ഒരു മഹാബുദ്ധി അവിടെ നഷ്ടമാവുന്നു. അതേ സമയം നമ്മുടെ വീടുകളിലും നാടുകളിലും ആളുകളെ ആർദ്ര ചിത്തരാക്കി പരസ്പരാനന്ദ ജീവിതത്തിലേയ്ക്ക് കൊണ്ടുവരാനുള്ള വഴിയിലേയ്ക്ക് മനുഷ്യശ്രദ്ധ തിരിഞ്ഞാൽ ബിൻലാദൻമാർ ഭൂമിയിലുണ്ടാവുകയില്ല. തല വെട്ടുക എളുപ്പമാണെന്നും ധീരമാണെന്നും തല നേരെയാ ക്കുക ചിന്താവിഷയം പോലും അല്ലെന്നും വന്നിരിക്കുന്നു. ഓരോ തലയ്ക്കും ലോകത്തെ മുഴുവൻ ഉൾക്കൊള്ളത്തക്ക അത്ഭുത കരമായ കഴിവുണ്ട്. ലോകം ഇതുവരെ കണ്ടിട്ടില്ലാത്തത്ര അതിശയ കരമായ കമ്പ്യൂട്ടർ ആണ് ഓരോ തലച്ചോറും. അതിന്റെ ഒരംശം വികസിപ്പിച്ചാൽ മതി ഹൃദയം വിശാലവും ശുദ്ധവുമാകാൻ. ഈ വികാസം സാധ്യമാകുന്നതിന്റെ പ്രത്യക്ഷ തെളിവാണ് ശ്രീബുദ്ധൻ തുടങ്ങിയുള്ള മഹാപുരുഷന്മാർ. സ്വകാര്യ വിഭാഗീയ സങ്കുചിത തലങ്ങളിലേയ്ക്ക് തലച്ചോറിനെ സങ്കോചിപ്പിക്കുന്ന വിദ്യാഭ്യാസ ത്തിന്റെ പരിണാമമാണ് ഇന്നത്തെ ലോകം. ഇനിയെങ്കിലും നാമത് തിരിച്ചറിയേണ്ടതല്ലോ. ഇത്ര ഭയാനകമായമ അനുഭവങ്ങൾ അടിക്കടി ഉണ്ടായിക്കൊണ്ടിരുന്നിട്ടും നമ്മളെന്തേ വിശാലതയുടെ മാർഗ്ഗത്തിലേയ്ക്ക് തിരിയുന്നില്ല. എന്തിനിങ്ങനെ സ്വകാര്യ വരുമാനങ്ങളും ഭോഗ സാമഗ്രികളും വലിച്ചുകൂട്ടി ശ്വാസം മുട്ടി മരിക്കുന്നു. ലോകം മുഴുവൻ എനിക്ക് സ്വന്തമാണെന്ന് അനുഭാവ മാക്കാമെന്നിരിക്കെ അൽപ്പരസത്തിൽ എന്തിന് ഞാൻ കുരുങ്ങണം! മഹത്തായ ഒരു ബന്ധുവലയം സദാ ചുറ്റുമുണ്ടായിരിക്കെ എന്തിന് ഏകാന്തജീവിതം നയിച്ച് ദുഖിക്കണം. സങ്കോചിക്കുവാനും വികസിക്കുവാനും അനന്ത സാധ്യതകളുള്ള മനസ്സിനെ സങ്കോച ത്തിന്റെ മാർഗ്ഗത്തിലേയ്ക്ക് തന്നെ ചുരുക്കി കഠോരമാക്കി അഗ്നി

സ്പുലിംഗമാക്കി. അതിൽ നാമെന്തിനിങ്ങനെ സ്വയം എരിയുകയും ലോകത്തെ എരിക്കുകയും ചെയ്യുന്നു.ഭരണം, വിദ്യാഭ്യാസം, തെരഞ്ഞെടുപ്പ്, ആർഭാടജീവിതം തുടങ്ങി ഇന്നുള്ള ഒന്നനേയും എതിർത്ത് ഇല്ലാതാക്കാൻ ദർശനത്തിന് പരിപാടി ഇല്ല. വിവിധ സമരങ്ങളേയും തള്ളിപ്പറയുന്നില്ല. മൈത്രീസാധനയിലൂടെ ക്രമേണ രൂപപ്പെട്ട് വളർന്ന് വരുന്ന സമൂഹമനസ്സ് ഭൂമിയിൽ മനുഷ്യ ജീവിതത്തിന് പുതിയൊരു ഭാവവും രൂപവും നൽകും. ജീവിത ശൈലി ആകെ പാരസ്പര്യത്തിന്റെ ചാലിൽ ഒഴുകാൻ തുടങ്ങു മ്പോൾ ജീവിതം കുളിരണിയും. ഇന്നത്തെ വൻ പാഴ്‌വൃക്ഷത്തിന്റെ ഇലകൾ അന്നു കൊഴിയാൻ തുടങ്ങും. പുതുമുളകൾ വന്ന് മരമാകെ തളിർക്കും. തളിർക്കുന്നതിന്റെ പ്രാരംഭമായേ ഇല കൊഴിയാവൂ. അതിനുമുമ്പ് ഇല അടർത്തിക്കളഞ്ഞാൽ പിന്നെ സജീവമായ പുതുനാമ്പുണ്ടാകില്ല. അതുമനസ്സിലാക്കി നാം ഇന്നത്തെ വിദ്യാഭ്യാസത്തെയും തെരഞ്ഞെടുപ്പിനെയും നാണയത്തെയും സർക്കാരിനെയും അടക്കം ഇന്നുള്ള എല്ലാറ്റിനെയും സഹിക്കണം. അനിവാര്യമായ തിന്മയെന്ന നിലയിൽ കണ്ടുകൊണ്ട് മൈത്രീസാധനയിലൂടെ പ്രാദേശിക കൂട്ടായ്മാ ജീവിതത്തിന് ശ്രമിക്കണം. ഗവൺമെന്റിനെ ഇല്ലാതാക്കുകയല്ല; ഗവൺമെന്റിന്റെ ആവശ്യമില്ലാതാക്കുകയാണ് വേണ്ടത്.

അടിസ്ഥാനപരമായ ഒരു കാര്യം പറയട്ടെ. മൈത്രീസാധന കൊണ്ട് ഉള്ളിൽ വളർത്തി എടുക്കേണ്ട ആത്മബന്ധം മറ്റൊന്നു കൊണ്ടും നേടിയെടുക്കാനാവില്ല. ഭക്ഷണക്രമം, പ്രകൃത്യാനുസരണ മാക്കൽ, നാമജപം, ലളിതജീവിതം, പരോപകാരം, ബ്രഹ്മചര്യം, തീർത്ഥാടനം തുടങ്ങിയവ സഹായമാകും. ആരെ കാണുമ്പോഴും ഓർക്കുമ്പോഴും ഇദ്ദേഹം എന്റെയുംകൂടിയാണ്, ചരാചരങ്ങൾ എല്ലാം, സൂര്യചന്ദ്രാദികൾ എല്ലാം എന്റെ കുടുംബക്കാരാണ് എന്ന ഭാവം ഉള്ളിൽ ഉറപ്പാക്കുവാൻ മൈത്രീസാധന തന്നെ വേണം. ഓരോരുത്തരും അത് ചെയ്യണം. മൈത്രീസാധനയോട് പ്രകൃതി ജീവനത്തെ ചേർക്കുമ്പോൾ പൂർണ്ണത അനുഭവമാകും. ഇന്ന് നാം എല്ലാറ്റിനെയും സ്വകാര്യമാത്ര ജീവിതശൈലിയോട് ചേർക്കു കയാണ്. ആരോഗ്യം നേടുന്നതും, ലളിതജീവിതം നയിക്കുന്നതും ദീർഘായുസ് ആയിരിക്കുന്നതും, സമ്പന്നമാകുന്നതും, സന്യാസി

യാകുന്നതും എല്ലാം പരിധികളില്ലാത്ത സർവ്വാശ്ളേഷീഭാവത്തിലേയ്ക്ക് നമ്മെ നയിക്കുമ്പോൾ സാവധാനം വിശ്വപരിവർത്തനം സംഭവിക്കും. അതിന് മൈത്രീസാധന ഉപകരിക്കും. നിത്യപ്രാർത്ഥനയോട് ചേർക്കുക.

---

**ഒരു യാത്രയുടെ കഥ**

## ഉത്തരാഖണ്ഡ് ദർശനം - 6

**ചന്ദ്രൻ പുറക്കാട്**. ഫോൺ : 9446327525

*"പൊൽതിങ്കൾക്കല പൊട്ടുതൊട്ട ഹിമവൽ ശൈലാഗ്രശൃംഗങ്ങളിൽ......" നമുക്ക് പോകാനായില്ലെങ്കിലും പോയവരുടെ വാക്കുകളിലൂടെ ദർശിക്കാം.*

പ്രകൃതി മനോഹരമായ യമുനോത്രി വിട്ടുപോകാൻ എത്ര ശ്രമിച്ചിട്ടും മനസ്സ് വരുന്നില്ല. തലേദിവസം കണ്ട, കേട്ട അറിഞ്ഞ ഏറെ മനോഹാരിണിയായ ഈ പുണ്യനദി ഒന്നും അറിയാത്തതുപോലെ ഏതോനിർവൃതിയുടെ ഓമൽസ്മരണകളും പേറി ഇന്നും പ്രവഹിക്കുന്നു.

അവിടെയായിരുന്നല്ലോ യുഗചേതനയുടെ ഓർമ്മക്കുറിപ്പുകൾ മനസ്സിലേറ്റിക്കൊണ്ട് അമ്പാടിയിലെ ശ്രീകൃഷ്ണൻ ഓടികളിച്ചത്. രാധയും കൃഷ്ണനും ഗോകുലവാസികളും ഇവളുടെ നൃത്തം കണ്ട് കുളിരണിഞ്ഞു. ആ തീരത്ത് നിൽക്കുന്ന വൃക്ഷലതാദികളിൽ നിന്നും പൂങ്കുയിൽ പാടിയ രാഗമധുരിമയിൽ ലയിച്ച് ഇവളുടെ നർത്തനം ഇന്നും തുടരുന്നു. ആ നീലക്കുയിൽ മതിവരാതെ ഇന്നും പാടുന്നു. ഗോപികമാരും ഗോപാലകരും ശ്രീകൃഷ്ണലീലകളും മതിവരാതെ ഈ തീരത്തിൽ അതിന്റെ ഓർമ്മകൾ പുതുക്കുന്നു. തനിയാവർത്തനം പോലെ അതിന്നും തുടരുന്നു. ഈ തീരത്ത് നിന്നും വിട്ടുപോരുമ്പോൾ ശരീരം മാത്രമേ സഞ്ചരിക്കുന്നുള്ളൂ. മനസ്സ് ശ്രീകൃഷ്ണലീലകൾ കണ്ട് ഋഷിവാടങ്ങൾ കണ്ട് വിശുദ്ധിയുടെ പരിവേഷം ആസ്വദിച്ച് ആ തീർത്ഥ വഴികളിൽ തന്നെ സഞ്ചരിക്കുന്നു. കോടാനുകോടി വർഷങ്ങളായി ഇതിഹാസങ്ങൾ നമ്മെ പഠി

പ്പിച്ച ചാരുസൈകതഭൂവിൽ നിന്നും എങ്ങിനെ നമുക്ക് മനസ്സക റ്റാൻ കഴിയും. ബാല്യത്തിൽ കൃഷ്ണനും ഗോപികമാരും ഈ ഗോപവാടികയിൽ സ്വയം സമർപ്പിച്ച് ജീവിതനദീസ്ഥലികൾ ഇവൾ ഒഴുകിയൊഴുകി പോകുമ്പോൾ താരും തളിരുമണിഞ്ഞ എത്രയെത്ര സുപ്രഭാതങ്ങൾ നാം കാണുന്നു. ആവുമോ നമുക്കിവിടം വിട്ടുപോ കുവാൻ. ആവില്ല ദ്വാപരയുഗത്തിലെ യുഗതേജസ് ഇവിടെ കുടി യിരിക്കുന്നു. രാധയും കൃഷ്ണനും ഗോപികമാരും ഗുരുകുലങ്ങളും ആശ്രമവാടികളും ഇവിടെ പരിലസിക്കുമ്പോൾ ആവുമോ നമുക്ക് ഈതീരം വിട്ടുപോകുവാൻ. അവഹൃദയംകൊണ്ട് നമ്മെ മാടിവി ളിക്കുന്നു പോവരുതേ എന്ന്. പോവാതെ വയ്യല്ലോ. കാലം നമ്മെ കെട്ടിവലിക്കുന്നു. പോയല്ലേ കഴിയൂ. മനസ്സിലെങ്കിലും പോവാതെ വയ്യ അപാരതയിലേക്ക്. പുനർജനിക്കുമെങ്കിൽ അന്നിവിടെ വരാം. ഈ തീരം യമുനയുടെ തീരം. ഉടനീളം അവളൊരു നർത്തകിയാ ണ്. എത്രയെത്ര രാജസ്ഥാനങ്ങളും രാസലീലകളും ഇവൾകണ്ടറി ഞ്ഞിരിക്കുന്നു; ഇവൾ ഈ യമുന. ഇവളെ മറക്കാൻ ആർക്കങ്കിലും കഴിയുമോ? ഇവളെ കണ്ടവർക്കാർക്കും മരണമില്ല, തൊട്ടവർക്കും. അവരെല്ലാം തന്നെ അമരത്വം ആർജ്ജിച്ചുകഴിഞ്ഞു. ആ കഥാപാ ത്രങ്ങൾ നമ്മോടൊപ്പമുള്ളപ്പോൾ അവരെ തൊട്ടുകൊണ്ട് നടക്കുന്ന നമുക്കും മരണമില്ലല്ലോ. അവൾ ആയിരങ്ങൾക്ക് അമരത്വമേകി ഇനിയുമിനിയും അവൾ യുഗസഞ്ചാരം നടത്തട്ടെ.

ആർഷ സംസ്ക്കാരത്തിന്റെ ഭാവഗീതം പാടിയും പഠിപ്പിച്ചും ഇവൾ സഞ്ചരിക്കുമ്പോൾ ബാല്യത്തിൽ ഉണ്ടായിരുന്ന എന്റെ മുത്ത ശ്ശിയെക്കുറിച്ച് ഞാൻ ഓർത്തുപോകുന്നു. കഥകൾ പറഞ്ഞുതന്നും പാടിയുറക്കിയും എന്റെ ശരീരത്തേയും മനസ്സിനേയും വികസിപ്പി ച്ചെടുത്ത ഓർമ്മയിലുള്ള എന്റെ മുത്തശ്ശി. ഇവളെപോലെ അവർക്കെത്ര വയസ്സെന്ന് എനിക്കറിയില്ല. ചുക്കിചുളിഞ്ഞതെങ്കിലും പ്രസാദാത്മകമായ മുഖം. ഉയർന്ന നാസിക. തനി തങ്കംപോലെ യുള്ള നിറം, ഒത്ത ഉയരം, വില്ലുകടുക്കൻ കമ്മലിട്ടു ഞാണുതൂ ങ്ങുന്ന ചെവി, സാന്ദ്രമധുരമായ മന്ദഹാസം. കാരുണ്യത്തിന്റെ പ്രഭാ പൂരം പോലെയുള്ള പെരുമാറ്റം, ദാനശീലം, ജ്ഞാനമുത്തുകൾപോ ലെയുള്ള കണ്ണുകൾ അയല്ക്കാർ അവരുടെ അമ്മയെ പോലെ കരു തിയ മുത്തശ്ശി. പ്രശ്നങ്ങളുമായി എത്തുന്ന അവരെ ഒരിക്കലും

നിരാശയോടെ വിട്ടിട്ടില്ല. കുട്ടയമ്മ എന്നാണ് അയൽക്കാർ അവരെ വിളിച്ചിരുന്നത്. ചേമ്പും ചേനയും കാച്ചിലും പറമ്പിൽ വിളയുന്ന തെന്തും അവർക്കും കൊടുക്കുമായിരുന്നു ഈ കുട്ടയമ്മ. പക്ഷേ ഒരു നിർഭാഗ്യം അവരെ പിന്തുടർന്നു. എട്ടുപ്രസവിച്ചെങ്കിലും ഒന്നു പോലും അധികം ജീവിച്ചിരുന്നില്ല. പരമാവധി ആറുമാസം ആ കുഞ്ഞുങ്ങളുടെ പ്രായം. ഏതോ അജ്ഞാത രോഗം ആ കുഞ്ഞുങ്ങളെ വലിച്ചെടുക്കുകയായിരുന്നുവത്രെ. വൈദ്യശാസ്ത്രം ഇന്നേപ്പോലെ അന്നുവളർന്നിരുന്നുവെങ്കിൽ!

പകരം സഹോദരീ പുത്രിയായ എന്റെ അമ്മയെ അമ്മൂമ്മ ദത്തെടുത്ത് വളർത്തുകയായിരുന്നു. കാരണം അമ്മയ്ക്ക് മൂന്ന് വയസ്സായപ്പോൾ അമ്മയുടെ അമ്മമരിച്ചു. അങ്ങിനെ ആ കുഞ്ഞിന്റെ (ചിന്നമ്മ-എന്റെ അമ്മ) വളർത്തമ്മയായി മുത്തശ്ശി. യഥാർത്ഥത്തിൽ ഈ യമുനയും ഒരു മുത്തശ്ശിയല്ലെ. യമുനോത്രിയിലെ പുണ്യതീർത്ഥത്തിൽ കീറ്റിലയിൽ എള്ളും പൂവും വച്ച് പിതൃതർപ്പണം നടത്തുമ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകിയത് ഈ കുട്ടയമ്മയെ ഓർത്തിട്ടാകുമോ? എട്ടുപേരെ പ്രസവിച്ചെങ്കിലും അവർക്ക് ബലിയേകാൻ ഈ വളർത്തുമകൻ മാത്രമേയുള്ളൂ. യമുനയുടെ സഹോദരിയായ ഗംഗയ്ക്കും ഇതുപോലൊരു കഥയുണ്ട്. ഗംഗാമാതാവും എട്ടുപ്രസവിച്ചു. എല്ലാ കുട്ടികളും ഗംഗയിൽ മുങ്ങി മരിച്ച് അമരത്വം നേടി. എട്ടാമൻ ഭീഷ്മൻ മാത്രം രക്ഷപ്പെട്ടു. അവർക്കും കൂടിയാണ് ഇന്ന് നമ്മുടെ ബലിപൂജകൾ.

ഒൻപത് പ്രസവിച്ച എന്റെ അമ്മയുടെ മൂന്നാമത്തെ പുത്രനാണ് ഞാൻ. മുത്തശ്ശിയുടെ വീടിനടുത്തായിരുന്നു തോട്ടപ്പള്ളി എൽ. പി.സ്ക്കൂൾ. 1948-ൽ ഗാന്ധിജിയുടെ ചിതാഭസ്മം കന്യാകുമാരിയിലേയ്ക്ക് കൊണ്ടുപോകുമ്പോൾ റോഡരികിൽ നിന്ന് ഞങ്ങൾ വിദ്യാർത്ഥികളും സാമൂഹ്യപ്രവർത്തകരും പൂവിട്ട് വന്ദിച്ചത് കാലങ്ങൾ കഴിഞ്ഞിട്ടും ഓർമയിൽ മായാതെ നിൽക്കുന്നു. മക്കളില്ലാത്ത ആ മുത്തശ്ശി എന്നെ അവിടെ നിർത്തി പഠിപ്പിച്ചു. ഞങ്ങളുടെ കുടുംബബന്ധുവായ വിദ്വാൻരാമകൃഷ്ണപിള്ള ഹിന്ദി സാറും ലോകപ്രശസ്ത പത്രപ്രവർത്തകനായ എം. ശിവറാം സാറും എന്റെ പിതാവിന്റെ കൂട്ടുകാരും നാട്ടുകാരുമായിരുന്നു. പ്രസിദ്ധമായ ആനന്ദേ

ശ്വരം ശിവക്ഷേത്രം അമ്മൂമ്മയുടെ വീടിനടുത്തായിരുന്നു. ഈ ക്ഷേത്രത്തിന്റെ ഊട്ടുപുരയിൽ ഒരിക്കൽ തിരുവിതാംകൂർ ദളവയായിരുന്ന 'രാമയ്യൻ' വേഷപ്രച്ഛന്നനായി വന്ന് ഏതാനും നാൾ പാർത്തിരുന്നുവെന്ന് പി.ശങ്കുണ്ണി മേനോന്റെ തിരുവിതാംകൂർ ചരിത്രത്തിൽ പറയുന്നു.

മാർത്താണ്ഡവർമ്മ നാട്ടുരാജ്യങ്ങളെ വെട്ടിപിടിക്കുന്ന കാലമായിരുന്നു അത്. വേണാടും കായംകുളവുമെല്ലാം വെട്ടിപിടിചു കഴിഞ്ഞ് ചെമ്പകശ്ശേരിയെ നോട്ടം വെച്ചാണ് അന്ന് രാമയ്യൻ ദളവ ആനന്ദേശ്വരത്ത് ഒളിവിൽ വന്നു താമസിച്ചത് അമ്പലപ്പുഴയിലെ അന്നത്തെ സ്ഥിതിഗതികളെല്ലാം മനസ്സിലാക്കി രാമയ്യൻ മാർത്താണ്ഡവർമ്മയ്ക്ക് റിപ്പോർട്ടുകൾ അയക്കുകയും അനുകൂല സാഹചര്യത്തിൽ ചെമ്പകശ്ശേരി തിരുവിതാംകൂറിൽ ലയിക്കുകയുമായുരുന്നു. ചെമ്പകശ്ശേരിയ്ക്ക് മുമ്പുണ്ടായിരുന്ന ശ്രീകൃഷ്ണ ഭക്തനായ പുറക്കാട്ടടികളെ കീഴ്പെടുത്തിയതിലുള്ള വാസുദേവപുരത്തെ ഭഗവാന്റെ അനിഷ്ടമായിരുന്നു ചെമ്പകശ്ശേരിയുടെ പതനകാരണമെന്നും വിവാക്ഷിക്കപ്പെടുന്നു. കടലെടുത്തുപോയ വാസുദേവപുരം ശ്രീകൃഷ്ണക്ഷേത്രം വില്വമംഗലത്തിന്റെ നിർദ്ദേശാനുസരണം പുനസ്ഥാപിക്കപ്പെട്ടതത്രേ ഇന്നത്തെ അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം. ഇവിടെയും ഭഗവാൻ വാസുദേവ സങ്കൽപത്തിൽ തന്നെ വിരാജിക്കപ്പെടുന്നു. എന്റെ അഞ്ചാം വയസ്സിൽ അച്ഛൻ എന്നെ കൊടിമരച്ചുവട്ടിൽ വച്ച് ഉയർത്തിയെടുത്ത് വിഗ്രഹം കാണിച്ചുതന്നത് ഇന്നും ഓർമ്മയിലുണ്ട്. 'ഇത് നമ്മുടെ ഭഗവാൻ'!

ചരിത്രവഴികളിൽ ധാരാളം സ്മരണകൾ ഉയർത്തുന്ന ഒരു സങ്കേതമാണ് അമ്പലപ്പുഴ ശ്രീകൃഷ്ണക്ഷേത്രം. നാട്ടുകാരും വിദേശീയരുമായ പലഭക്തജനങ്ങളും ചരിത്രാന്വേഷികളും ഈ സന്നിധാനത്തിൽ വന്ന് പ്രാർത്ഥനയർപ്പിക്കുന്നു. ശബരിമല ശാസ്താവിന്റെ മാതൃസ്ഥാനീയരാണ് അമ്പലപ്പുഴ വാസികൾ. ഒരിക്കൽ ഈ ക്ഷേത്രത്തിൽ കൊടിക്കയർ സമർപ്പണം നടത്തുന്ന അഴിക്കകത്ത് കുടുംബത്തിലെ ഒരംഗമായ കെ.ബി. വത്സലകുമാരി ഹൈക്കോടതി നിർദ്ദേശപ്രകാരം ശബരിമലയുടെ ഭരണകാര്യനടത്തിപ്പിനായി ചുമതലയേറ്റു പോവുകയും വികസനപ്രവർത്തനങ്ങളും ശുചീകരണപ്രക്രിയകളും നടത്തി ലോകശ്രദ്ധ പിടിച്ചുപറ്റുകയുണ്ടായി.

മകന്റെ കാര്യങ്ങൾ നോക്കാൻ അമ്മവീട്ടിൽ നിന്നും മറ്റൊരമ്മ എന്ന് പത്രങ്ങൾ ഈ വാർത്തയ്ക്ക് വിശേഷണം നൽകി അവതരിപ്പിച്ചതും അധികമാരും മറന്നിട്ടില്ല. പത്തനംതിട്ട ജില്ലാകളക്ടർ ആയിരുന്ന വത്സലകുമാരി അന്ന് തുടങ്ങി വച്ച പമ്പ ശുചീകരണ പരിപാടിയും വിശുദ്ധ സേനാസേവന പരിപാടികളും ഇന്നും തുടർന്ന് വരുമ്പോൾ അമ്മ വീട്ടിൽ നിന്നുള്ള ധർമ്മ ശാസ്താവിന്റെ ഈ മറ്റൊരമ്മയെ ശബരമലയിലെത്തുന്ന ഭക്തജനങ്ങൾ എന്നും ഓർമ്മിക്കുമെന്ന് അയ്യപ്പസേവാസംഘത്തിലെ പഴയ ഭാരവാഹികൾ ഇന്നും വിലയിരുത്തുന്നു.

പമ്പയും ഗംഗയും യമുനോത്രിയുമെല്ലാം സംരക്ഷിക്കപ്പെടേണ്ട ഒരു കാലത്തിലേയ്ക്ക് നാം എത്തിചേർന്നുവെന്ന് അവിടുത്തെ മാലിന്യ കൂമ്പാരങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. ഇന്നും കറപുരളാതെ കുറച്ചുദൂരമെങ്കിലും ഒഴുകിയെത്തുന്ന ഈ സചേതന സംസ്ക്കാരത്തെ നിലനിർത്തേണ്ടത് നമ്മുടെ കടമയാണെന്ന് ഭാവിയ്ക്കുവേണ്ടിയുള്ള ഈടുവായ്പകളാണ് അവയെന്ന് ഈ സന്ദർഭങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. തുടക്കങ്ങളിൽ വ്രതശുദ്ധിയുടെ പരന്നൊഴുകുന്ന ഈ പുണ്യ നദികൾ നമ്മുടെ ഭാവി ലോകത്തിനുവേണ്ടിയുള്ള മുതൽക്കൂട്ടാണെന്നു കരുതി നമുക്കവയെ ഹൃദയപൂർവ്വം നമസ്ക്കരിക്കാം. പ്രണമിക്കാം.

---

# "പുതിയ ലോകം പുതിയ വഴി" ഒരു അനുചിന്തനം

**(ഭാഗം 14)**

*(ദർശനത്തിന്റെ ബൈബിളായ പുതിയ ലോകം പുതിയ വഴിയിലൂടെ ശ്രീ. ജോർജ്ജ് മൂലേച്ചാലിന്റെ കൈപിടിച്ച് ഒരു പഠനയാത്ര തുടരുന്നു, കൂടെ പോന്നോളൂ)*

## ബോധപൂർവ്വസമൂഹത്തിലെ ജീവിതക്കാഴ്ചകൾ

ഇന്നത്തെ ലോകത്തെ, മനുഷ്യനു സാധ്യമായ മറ്റൊരു ലോകത്തിൽ മാനസികമായി എത്തിനിന്നുകൊണ്ട് നിരൂപണവിധേയമാക്കുകയായിരുന്നു, പുസ്തകത്തിന്റെ ഇതുവരെ പരാമർശിച്ച ഭാഗങ്ങളിലൂടെ പങ്കജാക്ഷൻ സാർ. ഇനിയങ്ങോട്ട്, അദ്ദേഹം എത്തിനിൽക്കുന്ന ആ പുതിയലോകത്തിലേക്ക്, മനുഷ്യർ 'ഭൂമിക്കാരാ'യാൽ ഉദയംകൊള്ളുന്ന നവസമൂഹത്തിലേക്ക്, നമ്മെ

കൂട്ടിക്കൊണ്ടുപോകുകയാണ്. ആ ബോധപൂർവ്വസമൂഹത്തിൽ, കുടുംബസമൂഹം മുതൽ ലോകസമൂഹംവരെയുള്ള എല്ലാ തലങ്ങളും പരസ്പരം കണ്ണിചേർന്നുള്ള പുതിയ ലോകത്തിൽ, തൊഴിൽ, പ്രതിഫലം, വിദ്യാഭ്യാസം, ഭരണം, ഗതാഗതം, ആരാധനാലയങ്ങൾ, ആരോഗ്യപരിപാലനം, ലഹരി, ലൈംഗികത, സ്വത്തുടമസ്ഥത, വിതരണസമ്പ്രദായം, വാർത്താമാധ്യമങ്ങൾ എന്നിങ്ങനെ ഓരോ കാര്യവും എങ്ങനെയായിരിക്കും എന്നു കാട്ടിത്തരുകയാണ് അദ്ദേഹം.

ബോധപൂർവ്വസമൂഹം എന്ന സങ്കല്പം ഒരിക്കലും അതിന്റെ പൂർണ്ണതയിൽ ആവിഷ്കരിക്കപ്പെടാനിടയില്ലെന്ന് പങ്കജാക്ഷൻ സാറും കരുതുന്നുണ്ട്. എങ്കിലും ഇന്നത്തേതിനു നേർ വിപരീതമായ ഒരു സാഹചര്യമാറ്റം ഉണ്ടാക്കാനാവുമെന്നും അതു നിർണ്ണായക മായിരിക്കുമെന്നുമാണ് അദ്ദേഹം സമർത്ഥിക്കുന്നത്. ഇന്നത്തെ സമൂഹത്തിൽ മഹാഭൂരിപക്ഷവും അവനവന്റെ സ്വകാര്യ കാര്യങ്ങളിൽമാത്രമാണു ശ്രദ്ധ പതിപ്പിക്കുന്നതെങ്കിലും, അപൂർവ്വം നിസ്വാർത്ഥമതികളും ഉണ്ട് എന്നതിന്റെ നേരെ മറിച്ചുള്ള സാഹചര്യമാകും ബോധപൂർവ്വനവസമൂഹത്തിൽ ഉണ്ടാവുക എന്നാണ് അദ്ദേഹം പറയുന്നത്. അതായത്, നിസാർത്ഥമതികൾ ഭൂരിപക്ഷവും സ്വന്തം സ്വകാര്യകാര്യങ്ങളിൽമാത്രം ശ്രദ്ധയൂന്നു ന്നവർ വിരളവുമായിത്തീരും. അപ്പോൾ സ്വാഭാവികമായും സമൂഹത്തിന്റെ ഗതിക്കു ചുക്കാൻ പിടിക്കുക, നിസ്വാർത്ഥരും പരാർത്ഥതാബോധം നിറഞ്ഞവരുമായിരിക്കും. ജീവിതസാഹചര്യ മാകെ അന്യോന്യതയുടെ താളത്തിലാകുമ്പോൾ, അതോടൊപ്പം, പുതിയതും മാനുഷികവുമായ ഒരു ജീവിതസമ്പ്രദായം ഉരുത്തി രിഞ്ഞുവരും. സ്വന്തം കാര്യങ്ങളിൽമാത്രം താല്പര്യമുള്ള ന്യൂന പക്ഷം സാമൂഹികമായി അനുസരണയുള്ളവരാകും. അല്ലെങ്കിൽ അവർ പിന്തള്ളപ്പെട്ടു പോകുമെന്ന സ്ഥിതിയുണ്ടാകുമല്ലോ.

ഈ പുതിയ സാഹചര്യത്തിൽ, കാര്യങ്ങളുടെയെല്ലാം ഉദ്ദേശ്യ-ലക്ഷ്യങ്ങളും നടത്തിപ്പും അവയുടെ പിന്നിലുള്ള പ്രേരണയുമെല്ലാം ഇന്നത്തേതിൽനിന്നു വ്യത്യസ്തമായിത്തീരും. ഇന്നത്തെ നിലയിൽ അചിന്ത്യവും അത്ഭുതാവഹവും സമ്മോഹനവുമായ ഈ വ്യത്യസ്തകളെയാണ് അദ്ദേഹം നമുക്കുമുമ്പിൽ അനാവരണം ചെയ്തുകാട്ടുന്നത്.

## തൊഴിൽ

ഉപജീവനത്തിനുള്ള ഒരു മാർഗ്ഗമെന്ന നിലയിലാണ് ഇന്ന് എല്ലാവരും തൊഴിൽ ചെയ്യുന്നത്. അതായത്, കൂലിക്കുവേണ്ടിയാണ് അല്ലെങ്കിൽ ലാഭത്തിനുവേണ്ടിയാണ് എല്ലാ തൊഴിലുകളും. ഏറ്റവും സാമ്പത്തികനേട്ടമുണ്ടാക്കുമെന്നു തോന്നുന്ന തൊഴിലുകളാണ് അഭിരുചിയില്ലെങ്കിൽപ്പോലും എല്ലാവരും തന്നെ തിരഞ്ഞെടുക്കുന്നതും. ഇതെല്ലാം തികച്ചും സ്വാഭാവികമായിട്ടാണു എല്ലാവരുംതന്നെ കരുതിപ്പോരുന്നത്.

തൊഴിലിനെപ്പറ്റി നമ്മളിലെല്ലാം ഉറഞ്ഞുകൂടിക്കിടക്കുന്ന ഈ ധാരണകളെയെല്ലാം തിരുത്തിക്കുറിക്കുന്നു, പുതിയ ലോകത്തിലെ തൊഴിൽസങ്കല്പം. അദ്ദേഹം പറയുന്നു: ***"തൊഴിലിന് തൊഴിലെന്ന നിലയിൽ ഇന്നു കാണുന്നമാതിരി ഒരു ഭാരം അന്നുണ്ടാവുകയേ ഇല്ല. ജീവിതത്തോട് ഇണങ്ങിച്ചേർന്നുനില്ക്കും തൊഴിലുകളെല്ലാം. നെയ്ത്ത് അന്ന് വെറും ഒരു തൊഴിലല്ല; യജ്ഞമാകും. കൃഷിയും അങ്ങനെതന്നെ. ആ പുതിയ ലോകത്തിൽ ഒരു വ്യക്തി പണിയെടുക്കുന്നത് ഒരു വിശ്വകുടുംബ ജീവിതകാര്യം എന്ന നിലയ്ക്കായിരിക്കും. അമ്മ അടുക്കളത്തോട്ടത്തിൽ ചീര നടുമ്പോൾ മനസ്സിൽ തൊഴിൽ എന്നൊരു ഭാവന ഉണ്ടാകുന്നുണ്ടോ? തൊഴിലാളി, മുതലാളി, മൂലധനം, ലാഭം, ഈ വക ചിന്തകളൊന്നും അമ്മയിലില്ല. വീട്ടിലുള്ളവർക്കു കൂട്ടാൻ വയ്ക്കാൻ ചീര വേണം. അതവരുടെ കുടുംബജീവിതകാര്യമാണ്. വേണ്ടത് അധികം ഉണ്ടായാൽ അയൽവീടുകൾക്കു പങ്കിടുന്നു. ചിലപ്പോൾ കുറവാണെങ്കിൽപ്പോലും അതിന്റെ പങ്ക് അയൽക്കാർക്കും കൊടുക്കുന്നു. ഇവിടെ വിതരണചിന്തയൊന്നും ഇല്ല. അതുപോലെ മനുഷ്യരാശി വിശ്വകുടുംബബോധത്തിൽ വരുമ്പോൾ എല്ലാത്തരം തൊഴിലുകളും ജീവിതത്തിൽ ലയിച്ച് ആർക്കും പ്രത്യേക ഭാരം ഇല്ലാതായിത്തീർന്നുപോകും. തൊഴിൽ ജീവിതമാകും. സന്തോഷമാകും. തൊഴിലിൽനിന്നു വിട്ടൊരു ജീവിതമില്ലെന്നാകും"*** (പുതിയ ലോകം പുതിയ വഴി - പേജ് 46-47 (പുതിയ പതിപ്പ്), പേജ് 57 (പഴയ പതിപ്പ്).

പുതിയ സമൂഹത്തിന്റെ അടിസ്ഥാന സ്വഭാവം

എന്തായിരിക്കുമെന്ന് തൊഴിലിനെ യജ്ഞമായിക്കണ്ടുള്ള ഈ വിശദീകരണത്തിൽനിന്നു വ്യക്തമാകുന്നുണ്ട്. ആ സമൂഹത്തിൽ, മുതലാളി-തൊഴിലാളി വിഭജനമോ ഭിന്നതയോ ഇല്ല; മൂലധനം, ലാഭം, കൂലി എന്നീ ചിന്തകളില്ല. ഉല്പാദകർ, ഉപഭോക്താക്കൾ എന്ന വിഭജനവുമില്ല. ലോകം ഒരു കുടുംബം എന്ന ബോധത്തിൽ, സർവ്വരും കുടുംബാംഗങ്ങളെന്ന ബോധത്തിൽ, ലോകകാര്യ ങ്ങളെല്ലാം കുടുംബകാര്യംപോലെ ഓരോരുത്തരും കൈകോർത്തു നിന്ന് ഉത്സാഹപൂർവ്വം നടത്തുകയാണ്. ഓരോരുത്തർക്കും അവരവരുടെ അഭിരുചിക്കനുസരിച്ചുള്ള ജോലികളിൽ മുഴുകി പ്രവർത്തിക്കാനുള്ള എത്രയെങ്കിലും അവസരങ്ങൾ പുതിയ സമൂഹത്തിലുണ്ടാകും. അത് ഓരോരുത്തരിലുമുള്ള സർഗ്ഗാത്മകത (creativity)യെ ഉണർത്തുകയും വളർത്തുകയും ചെയ്യുമ്പോൾ ഓരോരുത്തർക്കും തന്റെ തൊഴിൽ ആനന്ദകരമായിത്തീരുന്നു. ജീവി തത്തിൽനിന്നു വേറിട്ടൊരു ഉപജീവനം ആവശ്യമില്ലാതാകുന്നു.

ഇന്ന് ഉപജീവനത്തിനുവേണ്ടി അഭിരുചികളൊക്കെ മാറ്റിവച്ചും മുരടിപ്പിച്ചുമാണ് മനുഷ്യനു ജീവിക്കേണ്ടിവരുന്നത് എന്നോർക്കുക. തൊഴിൽ ഭാരമാകുന്നതും മടുപ്പുളവാക്കുന്നതും മുഖ്യമായും അതുകൊണ്ടാണ്. ഉപജീവനവും ജീവിതവും രണ്ടായി ഭിന്നിച്ചു നിൽക്കുകയാണിവിടെ. അതായത്, ഇന്നു മനുഷ്യന് ഇരട്ടജീവിതം നയിക്കേണ്ടിവരുന്നു. ഓരോരുത്തരിലുമുള്ള യഥാർത്ഥ മനുഷ്യൻ മിക്കവാറും ബലി കഴിക്കപ്പെടുകയാണ്. അതായത്, ജീവിക്കാ നാവശ്യമായ പണം കണ്ടെത്താനുള്ള ശ്രമത്തിൽ, ഓരോരുത്ത രിലും ഒരു കൂലിവേലക്കാരൻ ഉയിർത്തെണീക്കുകയും അവനിലെ മനുഷ്യനു മാറിനിൽക്കേണ്ടിവരികയും ചെയ്യുന്നു. ഉപജീവനം നല്ല രീതിയിൽ നടന്നാൽത്തന്നെയും, അവനിലെ ഈ മാറിനിൽക്കുന്ന മനുഷ്യന്റെ ഉള്ളിൽ ദുഃഖവും നിരാശയും വിരസതയും ശൂന്യതാബോധവും നിറഞ്ഞുകൊണ്ടിരിക്കും. ഓരോ മനുഷ്യനിലും ആന്തരികസംഘർഷമായി അത് ഉയർന്നുവരും.

വിഭജിതവ്യക്തിത്വം സൃഷ്ടിക്കുന്ന ഈ പ്രശ്നങ്ങൾക്കു പുറമേയാണ്, വിഭജിതസമൂഹം സൃഷ്ടിക്കുന്ന സംഘർഷങ്ങളും നിരവധിയായ പ്രശ്നങ്ങളും. തൊഴിലിന്റെയും ഉടമസ്ഥതയുടെ

യുമൊക്കെ അടിസ്ഥാനത്തിൽ നെടുകെയും കുറുകെയും ഓരോ പ്രാദേശികസമൂഹവും, ലോകമാകെത്തന്നെയും, വിഭജിതമാണിന്ന്. സമൂഹത്തിന്റെ ഈ വിഭജിതാവസ്ഥയാണ്, സമ്പത്തും അധികാരവും ഭാഗംവയ്ക്കുന്നതുമായി ബന്ധപ്പെട്ട് അവസാനമില്ലാത്തതും അനുനിമിഷം മുറുകിവരുന്നതുമായ അവകാശവാദങ്ങളും ആക്രോശങ്ങളും സമരങ്ങളും ഹിംസയുമെല്ലാം സമൂഹത്തിൽ അരങ്ങേറി മനുഷ്യജീവിതത്തെ സംഘർഷഭരിതമാക്കുന്നത്. ഈ വിഭജിതാവസ്ഥ മനുഷ്യസഹജമാണെന്ന ധാരണയിൽനിന്നാണ്, ഉല്പാദനവും വിതരണവുമായി ബന്ധപ്പെട്ടുള്ള മൂലധനശക്തികളുടെ പ്രത്യയശാസ്ത്രവും സാമ്പത്തികശാസ്ത്രവുമൊക്കെ ജന്മം കൊണ്ടിട്ടുള്ളത്. വേലയും കുറഞ്ഞ കൂലിയും സൃഷ്ടിക്കുന്ന മിച്ചമൂല്യമാണ് മൂലധനമായി മാറുന്നതെന്നും, അതുകൊണ്ട് അതിന്റെ ഉടമസ്ഥത തൊഴിലാളികൾക്കവകാശപ്പെട്ടതാണെന്നും വാദിക്കുന്ന പ്രത്യയശാസ്ത്രവും ഇതേ ധാരണയിൽനിന്നാണ് ഉദയം കൊണ്ടിട്ടുള്ളത്. മനുഷ്യരുടെ പരസ്പരമുള്ള കടിപിടിയെ ഇപ്രകാരം സിദ്ധാന്തവൽക്കരിച്ച്, അവ മാറ്റമില്ലാത്ത മഹത്തായ ദർശനങ്ങളാണെന്നമട്ടിൽ കൊണ്ടുനടക്കുകയാണിന്നു ലോകം. മനുഷ്യന്റെ വിഭജിതാവസ്ഥയെ പരിഹരിക്കാനാവില്ല എന്ന നിരാശാജനകമായ തെറ്റിദ്ധാരണ നിലനിൽക്കുന്നതു മൂലമാണ്, മനുഷ്യന് അവനെത്തന്നെയോ സമൂഹത്തെയോ ഉദ്ഗ്രഥിച്ച് താളൈക്യത്തിൽ ജീവിക്കാനാവാതെ പോകുന്നതെന്ന്, സൂക്ഷ്മനിരീക്ഷണത്തിൽ ആർക്കും കണ്ടെത്താനാകും.

മനുഷ്യൻ ഭൂമിക്കാരനാണെന്ന, പരസ്പരം ബന്ധുക്കളാണെന്ന, സത്യാവബോധം മനുഷ്യരിൽ ഉണർത്തപ്പെടുന്നതിനനുസ്സരിച്ച്, മനുഷ്യനെ മനുഷ്യനല്ലാതാക്കുന്ന എല്ലാ വിഭജനാതിർത്തികളും മാഞ്ഞുപോകുമെന്നാണ് പങ്കജാക്ഷൻസാർ പ്രബോധിപ്പിക്കുന്നത്. ഉപജീവനവും ജീവിതവും തമ്മിലുള്ള മൽപ്പിടുത്തവും തന്മൂലമുണ്ടാകുന്ന വ്യക്തിത്വവിഭജനവും അതോടെ ഇല്ലാതാകും. സാമൂഹികമായ ആവശ്യബോധവുമായിച്ചേർന്ന് സ്വന്തം വ്യക്തിത്വസവിശേഷതകളുടെ ഉറവകൾ പൊട്ടിയൊഴുകുകയും ഓരോരുത്തരുടെയും ജീവിതം കൂടുതൽ കൂടുതൽ സർഗ്ഗാത്മകവും കർമ്മോന്മുഖവുമായിത്തീരുകയും ചെയ്യും. എല്ലാ തൊഴിലുകളും

ജീവിതത്തിൽ ലയിച്ച് സാഫല്യബോധം നൽകുന്നവയായിത്തീരും. സർഗ്ഗശേഷികളുടെയും ഇതര കഴിവുകളുടെയും പരസ്പരമേളനം വ്യക്തിയെയും സമൂഹങ്ങളെയും ലോകത്തെയും ഒന്നായി ഉദ്ഗ്രഥിച്ച് മനുഷ്യകുലത്തെ ഐശ്വര്യത്തിലേക്ക് ഉത്തരോത്തരം ഉയർത്താൻ പോന്നതായിത്തീരും.

**ജോർജ് മൂലേച്ചാലിൽ** ഫോൺ: 9497088904

---

# മാനിഷാദ

*താറാവുകൾ കൂട്ടത്തോടെ ചത്തുവീണ സന്ദർഭത്തിൽ ഗവൺമെന്റിന്റെ പരിഹാരക്രിയകൾ കണ്ട് വേദനയോടെ ദർശനം എഴുതി മാതൃഭൂമി പ്രസിദ്ധീകരിച്ച ലേഖനം ഇവിടെ ചേർക്കുന്നു.*

ഇണപ്രാവുകളെ വേട്ടയാടുന്ന കാട്ടാളനെ കണ്ട് ക്രോധത്തോടെ വാല്മീകി മഹർഷിയിൽ നിന്നും സ്വാഭാവികമായി നിർഗളിച്ചതാണി വാക്യം. നമ്മുടെ നാട്ടിലേയ്ക്ക് ഒന്നു നോക്കൂ. വിഷമയമായ നദികൾ, മലിനമായ വീഥികൾ, മലീമസമായ രാഷ്ട്രീയം, രോഗബാധിതമായ ആരോഗ്യരംഗം. സർവ്വ പച്ചക്കറികളുടേയും പക്ഷികളുടേയും പോരാഞ്ഞിട്ട് കുരങ്ങിന്റേയും ഒക്കെ പേരിട്ട് വിളിക്കുന്ന രോഗങ്ങൾ, അവയ്ക്ക് എപ്പോഴും മരുന്നുകണ്ടുപിടിച്ചുകൊണ്ടിരിക്കുന്ന ഔഷധ കമ്പനിക്കാർ ഇവരൊക്കെ ശ്രമിച്ചിട്ടും ചത്തുവീഴുന്ന പാവം മനുഷ്യരും ജീവജാലങ്ങളും. ഇതൊക്കെയാണിപ്പോൾ ഈ ദൈവത്തിന്റെ നാട്ടിലെ വിചിത്രമായ കാഴ്ചകൾ.

സ്വന്തം ഭക്ഷണ സാധനങ്ങളും മണ്ണും വിണ്ണും കീടനാശിനികൾ ഉപയോഗിച്ച് വിഷമയമാക്കി ഉണ്ടാക്കുന്ന രോഗങ്ങൾക്ക് ദേശാടനക്കിളികളിൽ കുറ്റാരോപണം നടത്തുന്നത് അർത്ഥശൂന്യമാണ്. താറാവുകളിൽ കണ്ടുവരുന്ന വൈറസ് രോഗം അതിനെ ഭക്ഷിച്ചാൽ പോലും മനുഷ്യനിൽ പകരുകയില്ലാ എന്ന് ശാസ്ത്രം കണ്ടെത്തിയിട്ടുണ്ട്. രോഗം വന്നവയെ ചികിത്സിക്കുകയും രോഗം ഇല്ലാത്തവയെ സംരക്ഷിക്കുകയും ചെയ്യേണ്ട നാം രോഗം പകരുമെന്ന ഭയത്താൽ അവയെ ഞെക്കികൊല്ലുന്നത് ശാസ്ത്രീയമല്ല, പൈശാചികമാണ്. ഇത് എലിയെ പേടിച്ച് ഇല്ലം ചുടും പോലെ അപഹാസ്യമാണ്. മഹാത്മജിയുടെ ഏഴ് പാപങ്ങളിൽ ആറാമത്തേതാണ് മനു

ഷത്വമില്ലാത്ത ശാസ്ത്രം. അതാണിപ്പോൾ നടമാടുന്നത്. ഒരു സാംക്രമിക രോഗവും നാളിതുവരെ സമ്പൂർണ്ണ നാശം വിതച്ചിട്ടില്ല. അവ കൊടുങ്കാറ്റുപോലെ വീശിയടിക്കും. കുറെ നാശം വിതച്ച് കടന്നു പോകും. അതൊക്കെ പ്രകൃതി നിയമമാണ്. എത്രയോ തവണ ഇവിടെ താറാവ് വസന്ത എന്ന പേരിൽ അവയ്ക്ക് രോഗം വന്നിരിക്കുന്നു. രക്ഷപെടുത്തുന്നതിനു വേണ്ടി ശ്രമിക്കേണ്ട ഭരണകൂടം ധനവും, ബലവും ഉപയോഗിച്ച് രോഗം ഇല്ലാത്ത മിണ്ടാപ്രാണികളെ കൊല്ലുന്നതിന് കാട്ടാളത്തം എന്നല്ലാതെ എന്തു പേരിടുവാനാണ്. മാനിഷാദ. ഈ ജീവജാലങ്ങളെയെല്ലാം സംരക്ഷിച്ചാലെ മനുഷ്യന് ഈ ഭൂമിയിൽ നിലനിൽപ്പുണ്ടാകൂ. അവയെ സംഹരിച്ചാൽ പ്രകൃതി ഇവിടെ സംഹാരതാണ്ഡവമാടും. അപ്പോൾ വൈറസിനെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. സുനാമിയ്ക്കും പ്രകൃതി ദുരന്തങ്ങൾക്കും എന്ത് വൈറസ്? മനുഷ്യന്റെ അഹങ്കാരം, അജ്ഞത എന്നീ വൈറസുകൾക്കുള്ള മരുന്നാണ് ഉടൻ പ്രയോഗിക്കേണ്ടത്. അതാവട്ടെ സർവ്വചരാചരങ്ങളോടും ഉള്ള പരിശുദ്ധമായ പ്രേമമാണ്.

## ധന്യമീ ജീവിതം

22.11.14

അക്കമ്മയെ (കാർത്ത്യായനിയമ്മ) സ്മരിച്ചുകൊണ്ട് മുറ്റത്ത് പൂത്തുനില്ക്കുന്ന നന്ദ്യാർവട്ടത്തിൽ നിന്നും ഏതാനും പൂക്കൾ ഇറുത്തെടുത്തു. അക്കമ്മയ്ക്ക് അർപ്പിക്കുവാനുള്ളതാണ്. വർഷങ്ങൾക്ക് മുമ്പ് അങ്ങിനെ ഒരു വാക്കുണ്ടായിരുന്നു. ഞങ്ങൾക്ക് വീട് തന്ന് മകൾ വിമലചേച്ചിയോടും അശോകൻ ചേട്ടനോടുമൊപ്പം ഹരിപ്പാട്ടേയ്ക്ക് താമസത്തിനുപോയപ്പോൾ പറഞ്ഞിട്ടുള്ളതാണ്. "ഞാൻ മരിച്ചുപോകുമ്പോൾ മോനല്പം പൂപറിച്ച് എനിക്കിട്ടേക്കണം. സംസ്ക്കാരചടങ്ങുകളിലൊന്നും എനിക്ക് വലിയ താല്പര്യമില്ല. എന്നെ ഫ്രിഡ്ജിലൊന്നും വെയ്ക്കരുത് എനിക്ക് തണുക്കും. ആരേയും കാത്തിരിക്കേണ്ട. ശരി എല്ലാം ഈശ്വരേച്ഛപോലെ മക്കൾ നടത്തുമെന്ന് അക്കമ്മയോടു പറഞ്ഞു. ഹരിപ്പാട്ട് താമസമായതിനുശേഷം ഇടയ്ക്ക് അക്കമ്മയെ കാണാൻ പോവാറുണ്ട്. 102-ാം വയസ്സിലും സുസ്മേരവദനയായി എല്ലാവരേയും സന്തോഷിപ്പിച്ച് വീടിന്റെ വിളക്കായി അക്കമ്മ ജീവിച്ചു. ആ ദീപം നില

നിർത്താനായി എൽ.ഐ.സി. യുടെ രക്ഷാകവചം പോലെ കുടുംബാംഗങ്ങൾ അക്കമ്മയെ സംരക്ഷിച്ചു. ഈയിടെ ക്ഷീണിതയായപ്പോൾ ഇടയ്ക്ക് പോയി കണ്ടു. ദീപാഹോസ്പിറ്റലിലെ ഡോക്ടർമാരുടെ ചികിത്സയിലായിരുന്നു. എങ്കിലും എന്റെ സമാധാനത്തിന് അല്പം ഹോമിയോ മരുന്നും കൊടുത്തു. എനിക്ക് വേണ്ടി അതും അക്കമ്മ കഴിച്ചു. ആശുപത്രിയിലോട്ടൊന്നും പോകാനിട വരാതെ "മാതൃദേവോഭവ" എന്ന സങ്കല്പത്തിൽ ശുശ്രൂഷിച്ചുകൊണ്ടിരുന്ന വിമലചേച്ചി കൊടുത്ത തീർത്ഥജലവും കുടിച്ച് ശാന്തയായി അക്കമ്മ ഇഹലോകം വെടിഞ്ഞു. സംസ്ക്കാര ചടങ്ങിൽ അക്കമ്മയുടെ പാദങ്ങളിൽ ബന്ധുക്കളോടൊപ്പം ഞാനും ലതയും പുഷ്പാർച്ചന നടത്തി. ഇനി ആ മുറിയിൽ താനെന്നും പൂക്കൾ പറിച്ച് ആരാധന നടത്തിക്കൊണ്ടിരുന്ന ശ്രീനാരായണ ഗുരുദേവന്റേയും അതിന് സാക്ഷിയായി ചുമരിൽ തൂങ്ങുന്ന പങ്കജാക്ഷകുറുപ്പിന്റേയും ചിത്രങ്ങൾ മാത്രം.

അക്കമ്മയുടെ ഓരോ വാക്കും പ്രവൃത്തിയും സുചിന്തിതമായിരുന്നു. കരളിൽ വിവേകത്തോടെ അന്തസ്സായി ജീവിച്ചു. ചിരിച്ചുകൊണ്ടല്ലാതെ അക്കമ്മയെ ഞാൻ കണ്ടിട്ടില്ല. അതിനാൽ ഈശ്വര കൃപ എപ്പോഴും ലഭിച്ചുകൊണ്ടിരുന്നു. നൂറ്റിരണ്ടാം പിറന്നാളിനും നാലുതലമുറകളോടൊപ്പം അവർക്ക് മാർഗ്ഗദർശനം നൽകി ജീവിതം ധന്യമായി. നാലാം തലമുറയിലെ അംഗിത മുത്തശ്ശിയുടെ പ്രിയസഖിയാണ്. ശ്രീ തുഷാർ വെള്ളാപ്പള്ളി (വെള്ളാപ്പള്ളി നടേശന്റെ പുത്രൻ) അക്കമ്മയുടെ കൊച്ചുമകളുടെ ഭർത്താവാണ്. അക്കമ്മയുടെ നൂറാം പിറന്നാൾ കുടുംബാംഗങ്ങളും നാട്ടുകാരും ചേർന്ന് ഗംഭീരമായി കൊണ്ടാടി. എന്നാൽ മരണാനന്തര കർമ്മങ്ങളിൽ പൂജാദികർമ്മങ്ങൾക്ക് പ്രാധാന്യം കൊടുത്ത് ലളിതമായി നടത്തി. മകൻ വിജയൻ ചേട്ടനും കുടുംബവും ദുബായിൽ നിന്നും എത്തി അന്ത്യകർമ്മങ്ങളെല്ലാം നിർവഹിച്ചു. സംസ്ക്കാര ചടങ്ങുകൾ കഴിഞ്ഞ് ഞങ്ങൾ നീർക്കുന്നത്തേയ്ക്ക് പോന്നു. എന്നാൽ എന്റെ മനസ്സ് അവിടെ തന്നെ ചുറ്റിപറ്റിനടക്കുകയാണ്. വർഷങ്ങൾക്ക് മുമ്പ് ചികിത്സയ്ക്കും താമസത്തിനുമായി ഒരു പത്ത് സെന്റ് സ്ഥലത്തിനാണ് അക്കമ്മയെ വന്ന് കാണുന്നത്. തരാമെന്ന് പറഞ്ഞു. ഒരു വഴിത്തിരിവായ കൂടികാഴ്ച. അച്ഛനെ കണ്ടപ്പോൾ അക്കമ്മ പറഞ്ഞു

അവരെന്തിനാണ് സ്ഥലം തപ്പി നടക്കുന്നത്. ഇവിടെ വന്ന് താമസിക്കരുതോ? ചികിത്സയും നടത്താം. അങ്ങനെ ഞങ്ങൾ കൂടെക്കൂടി അമ്മ മക്കളായി ഒന്നിച്ചുതാമസിച്ചു. മരുന്നിന് വരുന്നവരെ ഞാൻ അവിടെ ഇല്ലെങ്കിൽ ഡോക്ടർ ഇപ്പോൾ വരുമെന്ന് പറഞ്ഞ് അവിടെ ഇരുത്തും. പ്രായം ഏറിവന്നപ്പോൾ വിമലചേച്ചി ഹരിപ്പാട് നിന്നും വന്ന് അക്കമ്മയെ കൊണ്ടുപോകാൻ ഒരുങ്ങി. വീട് ഞങ്ങൾക്ക് തരുവാൻ ആലോചിച്ചുകൊണ്ടിരുന്നപ്പോൾ പലരും വീട് വാങ്ങാൻ വന്നു. ഇവിടെ വീട് കൊടുക്കാനില്ലെന്ന് പറഞ്ഞ് അക്കമ്മ അവരെ പറഞ്ഞ് വിട്ടു. ഇതുകണ്ട് ഞാൻ അക്കമ്മേ അവരോട് ഒരു നല്ല വില പറയരുതോ കൂടുതൽ കിട്ടിയാൽ കൊടുക്കാമല്ലോ. ഞങ്ങൾക്ക് അല്പം സ്ഥലം കിട്ടിയാലും മതി എന്ന് പറഞ്ഞു. അതിന് അക്കമ്മ പറഞ്ഞ മറുപടി അവരെത്ര രൂപ തരാമെന്ന് പറഞ്ഞാലും വീട് വില്ക്കുന്ന പ്രശ്നമില്ല. മോൻ ഇത് വാങ്ങി ഇവിടെ താമസിക്കുന്നെങ്കിൽ എനിക്കെന്റെ വീട് നഷ്ടപ്പെട്ടതായി തോന്നുകയില്ല. അക്കമ്മയ്ക്ക് പണത്തേക്കാൾ വലുത് മനുഷ്യ ബന്ധങ്ങളായിരുന്നു. എല്ലാ സമൃദ്ധിയുടെ നടുവിലും ഹരിപ്പാട്ട് താമസിക്കുമ്പോൾ ഞാനല്പം പഴം കൊണ്ടുചെന്നാൽ എന്റെ മോൻ കൊണ്ടുവന്നതാണെന്ന് പറഞ്ഞ് സന്തോഷത്തോടെ സ്വീകരിക്കും. ഭാഗ്യവതിയായിരുന്നു. മാതാപിതാക്കളെ ശുശ്രൂഷിക്കാൻ മക്കൾക്ക് നേരമില്ലാത്ത ഈ കാലത്ത് അക്കമ്മയ്ക്ക് വയ്യാതെ വന്നപ്പോൾ എല്ലാ പരിപാടികളും നിർത്തിവച്ച് വിമലചേച്ചി കൂടെ നിന്നു. ഇന്ന് സ്വന്തം ധർമ്മം നിർവഹിക്കാൻ സമയമില്ലാതെ മനുഷ്യൻ പണസമ്പാദനത്തിനായി കഠിനാദ്ധ്വാനമാണ്. അവസാനം സ്വസ്ഥ ജീവിതമില്ല. അത് സ്വന്തം കടമകൾ നിർവഹിക്കുമ്പോൾ മാത്രം ലഭിക്കുന്നതാണ്. ശാന്തിയും സമാധാനവും പണം കൊണ്ട് നേടാനാവില്ല. അക്കമ്മയ്ക്ക് ദർശനം കാണുന്നത് തന്നെ വലിയ സന്തോഷമാണ്. ഇതുപോലെ ഭൂമിയിൽ നല്ല അമ്മമാരുണ്ടായി വരട്ടെ. മക്കളെ വഴിതെറ്റാതെ നേരെ നയിക്കാൻ അമ്മമാരോളം പ്രസക്തി മാറ്റാർക്കുമില്ല. ജഗദീശ്വരൻ കനിഞ്ഞു തന്ന ഈ മനുഷ്യജന്മത്തെ ഒരു പുണ്യമായി കണ്ട് സ്നേഹിക്കുക സേവിക്കുക. മനുഷ്യമനസ്സിനെ പരിവർത്തനം ചെയ്യുവാൻ സ്നേഹത്തോളം ശക്തമായ ഒരായുധമില്ല. അക്കമ്മയ്ക്ക് ഞങ്ങളുടെ പ്രണാമം.

# 'എണ്ണയ്ക്കാവെളി'യിലെ ക്രിസ്തുമസ് രാത്രി.

*ഇത് ഒരു സാധനാ യാത്രയാണ്. പിക്നിക് അല്ല. താല്പര്യ മെങ്കിൽ കൂടെ പോന്നോളൂ.* ആയുധ ധാരികളായ രണ്ടുപേർ രാജേഷും വിഷ്ണുവും ജാഗ്രതയോടെ ആ ഘോരവനത്തിലൂടെ നടക്കുകയാണ്. ആയുധങ്ങൾ ആരേയും ഉപദ്രവിക്കാനുള്ളതല്ല. സംരക്ഷണത്തിന് മാത്രം. നടപ്പാതയിലെ കമ്പുകൾ വെട്ടിമാറ്റിയും ഇടയ്ക്ക് വൻ വൃക്ഷങ്ങളിലെ വേരുകളിൽ അടിച്ച് ശബ്ദമുണ്ടാക്കി മൈലുകളോളം പ്രതിധ്വനി സൃഷ്ടിച്ചുകൊണ്ടാണ് അവർ നീങ്ങുന്നത്. തൊട്ടുപുറകിലായി ദർശനത്തിന്റെ പന്ത്രണ്ടുമിത്രങ്ങളും അതിനും പുറകിലായി രാജേഷിന്റെ അച്ഛൻ കരുണൻ ചേട്ടനും സാബുവും ഞങ്ങളുടെ സംരക്ഷണത്തിനായി ഒപ്പം നടക്കുന്നു. എരുമേലി-പമ്പാ കാനനപാതയിലെ 'കൂട്ടക്കല്ലിൽ' നിന്നും വിജനമായ വനത്തിലൂടെ വൻ മലകൾ കയറി ഇറങ്ങി പുരാതന കാലത്തെ ഒരു ക്ഷേത്രമായ എണ്ണയ്ക്കാ വെളിയിലേയ്ക്കാണ് സംഘം ഇപ്പോൾ നീങ്ങുന്നത്. ക്ഷീണം തോന്നുമ്പോൾ പാറപുറത്തിരുന്ന് വിശ്രമിച്ചും നെല്ലിയ്ക്ക, കപ്പലണ്ടി, ഈന്തപ്പഴം മുതലായവ കഴിച്ച് ക്ഷീണം തീർത്തും സഞ്ചാരം തുടരുകയാണ്. യാത്രയിൽ ഈർപ്പമുള്ള സ്ഥലത്തുകൂടി പോകുമ്പോൾ അട്ടയുടെ കടി കിട്ടുന്നുണ്ട്. ഉടൻ സതീഷ് ചന്ദ്രൻ ഉപ്പുപൊടിയിട്ട് അട്ടയെ അകറ്റുന്നു. അങ്ങനെ കാട് കണ്ട്, മലകൾ കണ്ട് സന്തോഷിച്ചും ഇടയ്ക്ക് തളർന്നും വീണ്ടും ഉഷാറോടെ നടന്നും സന്ധ്യയ്ക്ക് മുമ്പ് തന്നെ ഞങ്ങൾ വനത്തിലെ ഒരു സമതലപ്രദേശമായ എണ്ണയ്ക്കാവെളിയിൽ എത്തിചേർന്നു. സ്വാമിയേ ശരണമയ്യപ്പ!

ഇവിടെ വിശേഷാൽ ഒന്നും കാണാൻ ഉണ്ടായിരുന്നില്ല എന്ന് ആ മങ്ങിയ വെളിച്ചത്തിൽ തോന്നി. വിശാലമായൊരു കുളം പായൽ മൂടി കിടന്നിരുന്നു. ക്ഷേത്രമെന്ന് പറയുവാൻ ക്ഷേത്രാവശിഷ്ടങ്ങൾ മാത്രം. ക്ഷേത്രമുറ്റത്ത് നിന്നും മൂന്ന് സോപാനപ്പടികൾ കയറിയാൽ ശ്രീകോവിലിന്റെ തറയായി. വൃത്താകൃതിയിലുള്ള കൽക്കെട്ടും നടുക്ക് ലക്ഷണമൊത്ത ശിവലിംഗവും കാണാം. മുകളിലാകാശം ചുറ്റും വനഗാംഭീര്യം. ക്ഷേത്രമുറ്റത്ത് മാവും പേരയും ഉണ്ട്. മുറ്റത്ത് വലിയ ഒരു വിരി വിരിച്ച് ബാഗുകൾ അടുക്കിവെച്ച് തൊട്ടടുത്തുള്ള

നീരുറവയിൽ പോയി ശുദ്ധിവരുത്തി. മുങ്ങി കുളിക്കുവാൻ വെള്ള മില്ല കോരികുളിക്കാം. ക്ഷേത്രത്തിലെ എണ്ണവിളക്കിൽ ഞങ്ങൾ ദീപം തെളിയിച്ചു. ചുറ്റും കർപ്പൂരവും കത്തിച്ചു. എല്ലാവരും ചേർന്ന് മാനുഷിക ധ്യാനം നടത്തി കാപ്പിയിട്ട് കുടിച്ചു. രാജേഷും കൂട്ടരും ചേർന്ന് ഒരു നല്ല ആഴി കൂട്ടി അതിന്റെ പ്രഭയിൽ എണ്ണയ്ക്കാവെളി വെട്ടിത്തിളങ്ങി. മങ്ങിയ കാഴ്ചകൾ വിട്ടുമാറി. നല്ല ഒരു കാട്ടോള ജിസ്റ്റ് ആയ കരുണൻചേട്ടൻ എണ്ണയ്ക്കാവെളിയുടെ വിശേഷങ്ങൾ പറഞ്ഞുതുടങ്ങി പുരാതന ഗിരിവർഗ്ഗക്കാരുടെ ക്ഷേത്രമായിരുന്നു ഇത്. വർഷങ്ങൾക്ക് മുമ്പ് ജനങ്ങൾ പതിവായി കുളിച്ച് തൊഴാ റുള്ള ക്ഷേത്രം. ക്ഷേത്രത്തിന് ചുറ്റും പഴയ വീടുകളുടെ തറകൾ ഇപ്പോഴും കാണാം. ആന കയറാതിരിക്കുവാനായി ക്ഷേത്രത്തിന് ചുറ്റും കിടങ്ങുണ്ട്. ആരും ഭയപ്പെടേണ്ടതില്ലെന്നും കരുണൻ ചേട്ടൻ അറിയിച്ചു. എല്ലാവർക്കും ഒരു ശാന്തി അനുഭവപ്പെട്ടു. മറക്കില്ലൊ രിക്കലും ഈ രാത്രി. ചിലർ കീർത്തനം ചൊല്ലിക്കൊണ്ട് ശ്രീകോ വിലിനുള്ളിൽ പ്രദക്ഷിണം വെച്ചുകൊണ്ടിരുന്നു. അപൂർവ്വമായ ഒരു അവസരം. അതിരുകളില്ലാത്ത ശാന്തിയും ആനന്ദവുമാണ് മനു ഷ്യന്റെ ഹൃദയാന്തരങ്ങളിൽ ഒളിഞ്ഞുകിടക്കുന്നത്. ഇത്തരം സന്ദർഭ ങ്ങളിൽ മനസ്സിനെ ട്യൂൺചെയ്ത് നമുക്കത് സ്വായത്തമാക്കാം. എന്നാൽ സുഖം പുറത്തെവിടെയോ ആണ് എന്ന് കരുതി മനു ഷ്യൻ പട്ടിയെപോലെ അലയുകയാണ്. പട്ടി എല്ലിൽ കടിക്കുമ്പോൾ അതിന്റെ മോണപൊട്ടി ചോരവരും. അത് കുടിച്ചിട്ട് ചോര എല്ലിൽ നിന്നാണ് വരുന്നതെന്ന് കരുതി പട്ടി വീണ്ടും കടി തുടരും.

ചഞ്ചലമായ മനസ്സിനെ അൽപം ഒന്ന് അടക്കി ഇരുത്തി എല്ലാ ം ഒരേ ചൈതന്യമാണ്, തന്നെപോലെയാണ് എല്ലാജീവരാശികളും എന്ന് മനസ്സിലാക്കി മൈത്രീഭാവന ശീലിച്ചുതുടങ്ങിയാൽ മനു ഷ്യനിൽ നിദ്രാവസ്ഥയിൽ കുടികൊള്ളുന്ന പരമമായ ശാന്തി നമ്മൾക്ക് കരഗതമാകും. തെറ്റായ അറിവാണ് ദു:ഖകാരണം സുഖ മാകട്ടെ ശരിയിലേക്കുള്ള മടക്കവും ഇതൊക്കെ നമ്മെ ഓർമ്മിപ്പി ക്കുന്നതാണ് ഈ വനാന്തരീക്ഷം. രാജേഷും കൂട്ടരും കപ്പപുഴുങ്ങി നല്ലഒരു ചമ്മന്തിയുമായാണ് വന്നിരിക്കുന്നത്. “ഓംസഹനാവവതു സഹനൗഭുനക്തു സഹവീര്യം കരവാവഹൈ തേജസ്വിനാ വധീത മസ്തു മാവിദ്വിഷാവഹൈ” ശശീന്ദ്രൻ സർ ഇത് ചൊല്ലി വിശദീക രിച്ചു. മൈത്രീഭാവന തന്നെയാണ് ഈ മന്ത്രം.

ഭക്ഷണം കഴിഞ്ഞ് ഞങ്ങൾ തറക്കൂട്ടം കൂടി. ഷാജഹാനും ബാഷയും സതീഷ്ചന്ദ്രനും ശിവാനന്ദൻ മാഷും മുഹമ്മദലിയും അഷറഫും ഗോവിന്ദനും ചിങ്ങവനത്ത് നിന്ന് അനിൽകുമാറും, അബ്ദുൽ ഹക്കീമും, അനിൽകുമാർ കഞ്ഞിപ്പാടവും, ശശീന്ദ്രൻസാറും പിന്നെ ഞാനും. കരുണൻചേട്ടനും നാൽവർ സംഘവും ഞങ്ങളോടൊപ്പം ചേർന്നപ്പോൾ കാട്ടിലെ ഈ പരസ്പരാനന്ദ സംഗമം ഉഷാറായി. രാജേഷിന്റെ ആഴിനല്ലത് പോലെ നിന്നുകത്തുകയാണ്. അതിലേയ്ക്ക് ഞങ്ങളുടെ മനസ്സിൽ നിന്നും കുറച്ച് ചപ്പ്ചവറുകൾ കൂടി ഇട്ടപ്പോൾ പ്രകാശം വർദ്ധിക്കുകയാണ്. കിട്ടിയഅവസരം പാഴാക്കരുതല്ലോ. കൂട്ടത്തിലൊരാൾ ഒരു സംഭവം വിശദീകരിച്ച് ഗൗരവമായ ഒരു ചർച്ചയ്ക്ക് തുടക്കമിട്ടു. കുറപ്പുസാറിന്റെ മാനുഷിക ധ്യാനവും മൈത്രീ ഭാവനയും ഗംഭീരമായ ആശയങ്ങളാണ്. കേൾക്കാൻ നല്ല സുഖമുണ്ട്. എന്നാൽ എനിക്ക് എന്റെ വീട്ടിൽപോലും ആചരിക്കുവാൻ കഴിയുന്നില്ല. എത്ര ശ്രമിച്ചിട്ടും ചിലപ്പോൾ കലഹം ഉണ്ടാകുന്നു. ഈയിടെ എന്റെ കടയിൽ നിന്നും വാങ്ങിയ ഒരു മൊബൈൽ ഫോൺ തെറ്റായി ഉപയോഗിച്ച് കേടാക്കിയിട്ട് കാശ് തിരികെ വേണമെന്ന് പറഞ്ഞ് രണ്ടു'ന്യൂജനറേഷൻ' കുട്ടികൾ വന്ന് ബഹളം വെച്ചു. എത്ര ക്ഷമിച്ചിട്ടും നിവർത്തിയില്ലാതെ അടികൊടുക്കേണ്ടി വന്നു. അത് കൂടുതൽ പ്രശ്നമായി. എങ്കിലും ചോദിക്കുകയാണ്. നമ്മൾ മനുഷ്യരല്ലേ എവിടെ വരെ ക്ഷമിക്കാനാകും. ബഹുകഠിനം. കഴിഞ്ഞ വനയാത്രയിൽ ഒരു സാഹചര്യത്തിലും ക്ഷമകൈവെടിയുകയില്ല എന്നൊക്കെ ഞങ്ങൾ ഒരുമിച്ച് പ്രതിജ്ഞ ചെയ്തതാണ്. ഞങ്ങൾ അതൊക്കെ പണ്ടേ ഉപേക്ഷിച്ചു. എല്ലാവരും അഭിപ്രായങ്ങൾ പങ്കിട്ടു. ആഴിയ്ക്കും ചർച്ചയ്ക്കും ചൂട് പിടിച്ചു. ശിവാനന്ദൻ മാഷ് അഭിപ്രായങ്ങൾ ക്രോഡീകരിച്ചു. കണ്ണിന് കണ്ണ് പല്ലിന് പല്ല് എന്ന രീതിയിലുള്ള പ്രതികരണം നടത്താൻ ഏത് ജന്തുവിനും സാധിക്കും. എന്നാൽ നാം മനുഷ്യരാണ് കുറേകൂടി പരിണമിച്ചവരാണ്. ബോധമില്ലാത്തവരാണ് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. ക്ഷോഭം നമ്മെ കീഴ്പ്പെടുത്താതിരിക്കുവാനുള്ള ബോധം നമുക്കുണ്ടായിരിക്കണം. ക്ഷോഭം വൈറസിനേക്കാൾ വേഗം പടർന്ന് പിടിക്കും സ്നേഹമാണ് പ്രത്യൗഷധം.

ക്ഷോഭം നമ്മുടെ സമനില തെറ്റിക്കും. ആരോഗ്യം താറുമാറാക്കും. രോഗാണുക്കൾ പാവങ്ങളാണ്. മനോമാലിന്യങ്ങളാണ്

രോഗങ്ങളുടെ മുഖ്യകാരണം. രോഗികളിലാണ് രോഗാണുക്കൾ വളരുന്നത്, ആരോഗ്യമുള്ളവരിലല്ല. അഹങ്കാരമാണ് എല്ലാ അനർദ്ധങ്ങൾക്കും കാരണം. ഭവിഷ്യത്തിനെ കുറിച്ച് ചിന്തിക്കാതെ എടുത്ത് ചാടരുത്. എല്ലാ ജീവിതാനുഭവങ്ങളേയും പരീക്ഷണങ്ങളായി കാണണം. നാണംകെട്ടും അപമാനം സഹിച്ചും സംഘർഷം ഒഴിവാക്കാൻ നാം ശ്രമിക്കണം. ഈ വിശ്വപ്രകൃതി നമുക്ക് ഒരു മുഖം നൽകിയിട്ടുണ്ടല്ലോ. അവിടെ പുഞ്ചിരി വിടരട്ടെ. ക്രോധവും വെറുപ്പും നമുക്ക് ചേർന്നതല്ല. ക്ഷമയാണ് നമ്മുടെ വലുപ്പം അതിനേക്കാൾ വലിയ ആയുധമില്ല. മനുഷ്യമനസ്സിനെ ആകർഷിച്ച് പരിവർത്തനം ചെയ്യാൻ മൈത്രീഭാവനയോളം പോന്ന ശക്തി മറ്റൊന്നിനുമില്ല. എല്ലാം ഒരു കണ്ണാടിയിലെ പോലെ കാണുക. കണ്ണാടി നോക്കി ചിരിച്ചാൽ അതും ചിരിക്കും കരഞ്ഞാൽ കരയും. സുഹൃത്തുക്കളെ ആരോഗ്യപരവും ആത്മീയവുമായ ഒരുപാട് കാര്യങ്ങളെ കുറിച്ച് ഞങ്ങൾ ചർച്ചചെയ്തു. എന്തിനേറെ ഈ ക്രിസ്തുമസ് ദിനത്തിൽ എണ്ണയ്ക്കാവെളിയിലെ ഈ രാത്രി ഞങ്ങളുടെ ഒക്കെ ജീവിതത്തിലെ മറക്കാനാവാത്ത ഒരു രാത്രിയായി 'സുഖദ നർത്തനം ചെയ്യുന്നു ചുറ്റിലും' അഗ്നി ജ്വാലകൾ ആഴിയിൽ തുള്ളികളിക്കും പോലെ ഞങ്ങളും ഈ വനസൗന്ദര്യവും ശാന്തിയും ആസ്വദിച്ചു. ഭാഗ്യം ആ മൊബൈൽഫോണുകൾ ഈ വനയാത്രയിൽ നല്ല ഉറക്കമാണ്.

ഈ സന്തോഷത്തിനിടയിലും ഒരു ഭയം. കടുവയോ പുലിയോ വന്ന് ഉറക്കത്തിൽ ആരെയെങ്കിലും എടുത്ത്കൊണ്ട് പോകുമോ എന്ന് രാജേഷിനോട് ചോദിച്ചു. ആഴി ഉള്ളതിനാൽ സ്വാമിമാരാരും ഭയപ്പെടേണ്ട കിടന്നുറങ്ങികൊള്ളൂ, മൃഗങ്ങൾ വരുകയില്ല. ആഴി കെടാതെ ഞങ്ങൾ നോക്കികൊള്ളാം എന്ന് രാജേഷ് പറഞ്ഞു. നല്ല മഞ്ഞുണ്ടായിരുന്നു ആകാശത്ത് നോക്കി പുതച്ച് കിടന്നുറങ്ങി. സുന്ദരമായ പ്രഭാതം പൂ വിരിയുംപോലെ മഞ്ഞുമാറി വിരിഞ്ഞ് വന്നു. തണുപ്പാങ്കാലത്ത് എല്ലാവരും ആഴിയ്ക്ക് ചുറ്റും കൂടി. സാബു കാപ്പിയിട്ട് തന്നു. നീരുറവയിൽപോയി പ്രഭാതകൃത്യങ്ങൾ നടത്തി. മാനുഷിക ധ്യാനത്തിനായി എല്ലാവരും വന്നിരുന്നു. ശശീന്ദ്രൻ സാർ ദർശനം വായിച്ച് ചർച്ചനയിച്ചു. അബ്ദുൽ ഹക്കീമിന്റെ ഉപവാസത്തിന്റേയും ധ്യാനത്തിന്റേയും വിശദീകരണങ്ങളും എല്ലാവരുടേയും ജീവിതാനുഭവങ്ങളും പങ്കിട്ടു. നല്ല ഒരു നാളേയ്ക്കായി പ്രാർത്ഥിച്ചു. നാം ഓരോരുത്തരും ദർശനം ആശയങ്ങൾ

ഉൾകൊണ്ട് കഴിയുന്നത്ര ധാർമ്മികതയോടെ ജീവിക്കണം എന്ന് ചിന്തിച്ചുറപ്പിച്ച് എണ്ണയ്ക്കാവെളിയിൽ ഞങ്ങൾ ജനഗണമന പാടി. എന്നാൽ ഇവിടെ കൊളുത്തിയ മൈത്രീ ദീപം എല്ലാവരും കെടാതെ സൂക്ഷിക്കുക. എപ്പോഴെല്ലാം നമ്മുടെ വിവേകത്തെ ബലഹീനതകൾ കീഴ്പ്പെടുത്തുവാൻ ശ്രമിക്കുന്നുവോ അപ്പോഴെല്ലാം അവനെ കൈയ്യോടെ പിടികൂടി ഈ അഗ്നിയിൽ ഹോമിക്കുക. അതാണ് നമ്മുടെ രക്ഷാമാർഗം.

കരുണൻചേട്ടന്റെ നേതൃത്വത്തിൽ ഞങ്ങൾ കാഴ്ചകൾ കണ്ട് നടക്കുകയാണ്. ഇടയ്ക്ക് ഒരു കാട്ട്വള്ളി മുറിച്ച് തന്നു. മുട്ട്വള്ളി എന്നാണ് പേര്. നല്ല ഔഷധജലം അതിൽ നിന്ന് ഊറിവരും. ദാഹത്തിന് തികയും. കുന്തിരിക്കം എടുക്കുന്ന പൈനും മൂട്ടിപ്പഴം, ചരളിയ്ക്ക, സീതപ്പഴം, പെട്ടിപഴം, വെള്ളികിഴങ്ങ്, നൂറാൻകിഴങ്ങ്, ഉന്തങ്ങ എന്നീ ഫലമൂലങ്ങളുടെ വിശദീകരണങ്ങളും കേട്ട് ഞങ്ങൾ കുത്തനെയുള്ളൊരു കയറ്റംകേറി 'കടുവാളി'ലെത്തി. വലിയൊരു ഗുഹാതലം കടുവപെറ്റ് കിടക്കാറുള്ള സ്ഥലം. ഗുഹയിലേയ്ക്ക് ഒന്ന് കയറിനോക്കി ഭയം തോന്നി. മഴവന്നാൽ നനയാതെ കഴിയാം. ഇതിന്റെ ഉള്ളിൽ ആയിരക്കണക്കിന് വവ്വാലുകൾ താവളമടിച്ചിട്ടുണ്ട്. ഒന്ന് പുകയിട്ടാൽ കൂട്ടത്തോടെ പുറത്ത് ചാടുന്നത് കാണാമെന്ന് കരുണൻചേട്ടൻ പറഞ്ഞു. ഉറങ്ങുന്ന ജീവികളെ പുറത്ത് ചാടിച്ച് കണ്ടാസ്വദിക്കേണ്ടന്ന് തീരുമാനിച്ചു. വനത്തിലൂടെ നടപ്പ് തുടർന്നു. തുള്ളികളിച്ച് നടക്കാൻ തോന്നുന്ന വനമേഖല. നടന്ന് നടന്ന് പഴമക്കാർ ഉപയോഗിച്ചിരുന്ന പാറയിൽ തന്നെ കൊത്തിയ ഒരു ഉരൽ കാണിച്ച് തന്നു. ഇവിടെ എല്ലാം പണ്ട് ജനവാസമുണ്ടായിരുന്നു. അവർ കാടുമായി ഇണങ്ങി ഈശ്വരാരാധന നടത്തി പ്രകൃതിയുമായി താദാത്മ്യത്തോടെ ജീവിച്ചു. ഇന്നാണ് പോരാട്ടം. കാടുവെട്ടി വീടുണ്ടാക്കി മലകൾ വെട്ടി അണകൾകെട്ടി പ്രകൃതിയുമായി പോരാട്ടമാണ് ഫലമോ 'ഇനിവരുന്നൊരു തലമുറയ്ക്ക് ഇവിടെവാസം സാധ്യമോ മലിനമായ ജലാശയം അതിമലിനമായൊരു ഭൂമിയും.' പത്ത് മണിയോടെ രാജേഷിന്റെ ക്യാമ്പിലെത്തി. കഞ്ഞിയും പയറും ഉപ്പിലിട്ടതുമായി കഴിച്ചു. സമാപന യോഗം കൂടി. ശിവാനന്ദൻസാർ ഒരു സർവ്വകലാ വല്ലഭനാണ്. ആത്മീയതയും പ്രകൃതിയും നാം വേണ്ടുവോളം ഇന്നലെ കേട്ടു. ഇപ്പോൾ ഇതാ ഒരു മാജിക് ഷോയും നടത്തി. ഇനി മടക്കയാത്ര.

സുന്ദരമായ ഒരു വനയാത്ര ഒരുക്കിതന്ന രാജേഷിനും കുടുംബത്തിനും ദർശനത്തിന്റെ അഭിനന്ദനങ്ങൾ. എല്ലാവർക്കും മാസികയും കലണ്ടറും സമ്മാനിച്ചു. ഇത്തിരി കുന്തിരിക്കം കിട്ടിയത് പന്ത്രണ്ട് പൊതിയാക്കി. ഞങ്ങളുടെ കാഷ്യർ അനിൽകുമാർ കഞ്ഞിപ്പാടം ചിലവുകൾ കൂട്ടി ആളോഹരി പങ്കിട്ടു. ഞങ്ങളുടെ ഭക്ഷണ ചിലവുകൾക്കായി ഒരു ചെറിയ തുക രാജേഷിന് നൽകി. ഒരു ദക്ഷിണ കരുണൻ ചേട്ടനും. അപ്പോൾ ചേട്ടൻ പറയുകയാണ് 'മോന് കൊടുത്തല്ലോ അത് മതി.' ഞാൻ പിള്ളേർക്ക് വേണ്ടി ജീവിക്കുന്നു. അവരെന്നെ നോക്കികൊള്ളും. പിന്നെ എനിക്കെന്തിനാണ് കാശ്. ആധുനിക സമൂഹത്തിൽ എത്ര പേർക്ക് ഇത് പറയുവാൻ കഴിയും.

മടക്കയാത്ര ആരംഭിച്ചു. മുക്കുഴിവഴി കോരുത്തോടിലെത്തി. ആറ്റിൽചാടി വിശാലമായിട്ടൊരു കുളിനടത്തി. നല്ല വിശപ്പ് ഹോട്ടലിൽ പോയി ഊണ് കഴിക്കുന്നതിന് പകരം ഒരു നിർദ്ദേശം വെച്ചു. നമുക്ക് ആറ്റുതീരത്തിരുന്ന് നമ്മുടെ കൈയ്യിലുള്ള അവിലും ശർക്കരയും പഴം, ഈന്തപ്പഴം ഒക്കെ ചേർത്ത് ഒരു പ്രകൃതി ഭക്ഷണം തയ്യാറാക്കാം. എല്ലാവർക്കും അത് സ്വീകാര്യമായി. ഭക്ഷണം കഴിഞ്ഞ് നേരെ മുണ്ടക്കയം. ഇവിടെ സുന്ദരമായ വനയാത്ര കഴിഞ്ഞ് വന്ന ഞങ്ങളെ ഒരു പ്രതിസന്ധി ഇതാ കാത്തിരിക്കുന്നു. അതിലൂടെ ഇന്നലെ പഠിച്ച പാഠങ്ങൾ പരീക്ഷിക്കുവാൻ ഒരു അവസരവും.

ഞങ്ങൾ മുണ്ടക്കയത്തെത്തിയപ്പോൾ ചങ്ങനാശ്ശേരിക്കുള്ള ഒരു പ്രൈവറ്റ്ബസ് ആരാധന അതാപുറപ്പെടുന്നു. ഷാജഹാൻ ഡ്രൈവറെ കൈ കാണിച്ച് നിർത്തി. അഷറഫ് ഓടിചെന്ന് കണ്ടക്ടറോട് പറഞ്ഞതനുസരിച്ച് വണ്ടി ഞങ്ങളെ കാത്ത് കിടന്നു. എല്ലാവരും കയറി കാര്യമറിയാതെ പുറകെയാണ് ഞാൻ എത്തിയത്. വണ്ടിയിലെ തിരക്ക് കണ്ട് എല്ലാവർക്കും സീറ്റ്കിട്ടിയോ എന്ന് വെളിയിൽ നിന്ന് ഞാൻ ചോദിച്ചു. കൂടുതൽ പേരും നിൽക്കുകയാണ്. സീറ്റില്ലെങ്കിൽ അടുത്തവണ്ടിയ്ക്ക് പോകാം എല്ലാവരും ഇറങ്ങിക്കൊള്ളാൻ പറഞ്ഞു. ഇത് പ്രശ്നമായി ഞങ്ങൾക്ക് വേണ്ടി കാത്ത് കിടന്ന വണ്ടിയിൽ നിന്നും ഇറങ്ങിയത് വണ്ടിക്കാരെ പ്രകോപിപ്പിച്ചു. കുഴപ്പക്കാരൻ ഞാനും. ശബരിമല യാത്രകഴിഞ്ഞ് വരികയാണ്. ദീർഘദൂരം വണ്ടിയിൽ സീറ്റില്ലാതെ കയറാനാവില്ലെന്ന് ഞാൻ പറഞ്ഞു. അഷറഫും വിഷമത്തിലായി. ഞങ്ങൾ ഇറങ്ങി വണ്ടി വിട്ട് പോയി. എന്നാൽ അതിൽ നിന്ന് പുകയും പുലഭ്യവും പുറത്ത് വന്നു.

ഞങ്ങളുടെ ടിക്കറ്റിനത്തിൽ അവർക്ക് ആയിരം രൂപയോളം നഷ്ട മായതിന്റെ വിഷമമാണ്. അവരെ കുറ്റം പറയാനാവില്ല. എനിക്ക് അത് കേൾക്കുകയാണ് ധർമ്മം. സാരമില്ലെന്ന് അഷറഫിനോട് പറ ഞ്ഞു. അഷറഫിന്റെ വിഷമം മാറിയില്ല. ഞങ്ങളെ കാത്ത് കിടന്ന വണ്ടിയിൽ സീറ്റില്ലെങ്കിലും കയറേണ്ടതായിരുന്നു. ഇതാണോ മൈത്രീഭാവന. എന്റെ അഹങ്കാരം കൊണ്ട് മാത്രമാണ് ഇങ്ങനെ സംഭവിച്ചത് എന്ന് ഞാനിപ്പോൾ തിരിച്ചറിയുന്നു. മനസ്സ്കൊണ്ട് ആരാധനാ ബസ്കാരോട് മാപ്പ് ചോദിക്കുന്നു. ഈ ലക്കം വണ്ടി യുടെ പേര് വെച്ച് മുണ്ടക്കയത്തേയ്ക്ക് അയച്ച് കൊടുക്കുന്നു. ഞങ്ങൾ തൊട്ട് പുറകെ പിടിച്ച ചങ്ങനാശ്ശേരിക്കുള്ള ലിമിറ്റഡ്സ്റ്റോപ്പ് ട്രാൻസ്പോർട്ട് ബസിൽ കയറി സുഖമായി ഇരുന്നു. ഇഷ്ടംപോലെ സ്ഥലം. എന്നാൽ സുഖം നീണ്ടുനിന്നില്ല വണ്ടി പൊൻകുന്നം സ്റ്റാന്റി ലെത്തിയപ്പോൾ മുമ്പേ പോയ പ്രൈവറ്റ്ബസും ഒന്നിച്ചായി. അതിൽ നിന്നും തൊഴിലാളികൾ ദേണ്ടേ അവന്മാര് എന്ന് പറഞ്ഞ് ബഹളം തുടങ്ങി. ബസ്സിലിരുന്നവരോട് ഞാൻ കാര്യം വിശദീകരിച്ചു. അവരെ നേരിടാൻ കഴിവുള്ള ഞങ്ങൾ ഒരു സാഹചര്യത്തിലും ക്ഷമകൈ വെടിയരുത് എന്ന ആശയത്തിന്റെ പ്രാക്ടിക്കലായി തന്നെ ഈ സംഭ വത്തെ കരുതി. ഞങ്ങളാരും എതിർത്ത് പറഞ്ഞില്ല. മഴപെയ്ത് തീരട്ടെ എന്ന് കരുതി. അങ്ങനെതന്നെ സംഭവിച്ചു. ഒരു അടിപിടി യുടെ സാഹചര്യം ക്ഷമകൊണ്ട് ഒഴിവായി. ക്ഷമയുടെ പുണ്യംകൊണ്ട് നമ്മളിൽ അന്തർലീനമായിരിക്കുന്ന ദുഷ്കർമ്മഫ ലങ്ങൾ ഉണർന്ന് നമ്മെവിട്ട് അത് ഉണർത്തിയവനെ ചെന്ന് പിടി കൂടുമെന്ന് ഒരു ശാസ്ത്രവചനമുണ്ട്. അതൊക്കെ ചർച്ചചെയ്ത് പര സ്പരാനന്ദത്തിൽ ഞങ്ങൾ രാത്രി 9മണിയോടെ വീടുകളിലെത്തി ചേർന്നു. ഉറങ്ങാൻ കിടന്നിട്ടും കൺമുന്നിൽ വനയാത്ര, എണ്ണയ്ക്കാ വെളിയിലെ കൂട്ടായ്മ, ശിവലിംഗം എല്ലാം ആഴിയ്ക്ക് മുന്നിൽ തെളിഞ്ഞ് തെളിഞ്ഞ് വരുന്നു. പുൽകൂട്ടിൽ സ്നേഹത്തിന്റെ സന്ദേശവാഹകനായി ഉണ്ണിയേശുപിറന്ന ദിവസം വനത്തിൽ പര സ്പരാനന്ദകൂട്ടായ്മയിൽ കിട്ടിയ സന്ദേശം, മാനുഷിക ധ്യാനപഥ ത്തിലൂടെ വായനക്കാരിലേയ്ക്ക് ഇതാ ദർശനം ചാനലിലൂടെ പ്രക്ഷേ പണം ചെയ്യുന്നു. ‘‘**മതവും യുക്തിചിന്തയും ദർശനവും രാഷ്ട്രീ യവും എല്ലാം നല്ല ഒരു മനസ്സിനെ വാർത്തെടുത്ത് സമൂഹബോധ ത്തോടെ ജീവിക്കുവാനാണ്. അതിനാൽ തന്നെ അത് വ്യക്തിപര**

**വുമാണ്. തർക്കത്തിനുള്ളതല്ല. ഒരു ഇലപോലെ ഭൂമിയിൽ മറ്റൊരില പോലുമില്ല. എണ്ണയ്ക്കാവെളിയിലെ അഗ്നി എപ്പോഴും ജ്വലിച്ചുതന്നെ നില്ക്കുന്നു. മനുഷ്വത്വത്തിനെതിരായ എല്ലാ ചിന്തകളും നമുക്കിവിടെ ഉപേക്ഷിക്കാവുന്നതാണ്. ജയ്ജഗത്."**

ഈ വനയാത്ര കാഠിന്യമേറിയതായിരുന്നതിനാൽ അംഗസംഖ്യ നിയന്ത്രിതമായിരുന്നു. കുടുംബസമേതമുള്ള വനയാത്ര ഏപ്രിൽ ആദ്യവാരം നടത്താമെന്ന് കരുതുന്നു. അതിരപ്പള്ളി

## പുതുവർഷാരംഭത്തിലെ മാനുഷിക ധ്യാനം

കുറുപ്പുസാറിന്റെ സങ്കല്പത്തിൽനിന്നും രൂപംകൊണ്ട അമൃതാണ് മാനുഷികധ്യാനം. ഈശ്വരധ്യാനത്തോടൊപ്പമോ പ്രത്യേകമായോ രാവിലെ എങ്കിലും ഇതു ചെയ്യുക. യോഗങ്ങളിലും വിശേഷദിവസങ്ങളിലും ദർശനം ഈ ധ്യാനം കൂട്ടായി ചെയ്യുന്നു. ഡിസംബർ 31 രാത്രി ഒരു റാന്തലും കത്തിച്ച് ഭൂഗോളത്തിന്റെ മാതൃകയുമായി കടപ്പുറത്തേക്ക് നടക്കുന്ന സാറും സംഘവും പുതുവർഷസംക്രമ വേളയിൽ ഭൂഗോളം മദ്ധ്യത്തിൽവെച്ചാണ് ഈ ധ്യാനം നടത്തിയിരുന്നത്. സമസ്ത ലോകത്തേയും ഉൾക്കൊണ്ട് സ്നേഹിക്കത്തക്ക രീതിയിൽ മനസ്സിനെ വികസിപ്പിച്ച് വ്യക്തിയെ, ഞാൻ എന്റേത് എന്ന ഭാവത്തിൽനിന്നും മുക്തമാക്കാനാണീ ധ്യാനം. മനസ്സിൽ മറ്റുള്ളവർക്കും കൂടി ഇടം കൊടുത്തു ശീലിച്ചു തുടങ്ങുമ്പോൾ വ്യക്തിയും സമൂഹവും ലയിച്ചുണ്ടാകുന്ന പരസ്പരാനന്ദത്തിൽ ലോകപ്രശ്നങ്ങൾ അസ്തമിക്കും. അതാണ് സാറിന്റെ അത്ഭുതകരമായ കണ്ടുപിടുത്തം.

ധ്യാനസമയത്തിന് ഈ വർഷം ഒരു മാറ്റം വരുത്തി. 31-ാം തീയതി കടപ്പുറത്ത് പോയി സൂര്യാസ്തമനത്തിന് ധ്യാനം നടത്തിയിട്ട് രാത്രീ നീർക്കുന്നത്ത് വന്ന് യോഗം ചേരാം. അതൊരു വിഡ്ഢിത്തമായി പോയി എല്ലാം നടന്നുഎങ്കിലും ഒരു പ്രവൃത്തി ദിവസം 5 മണിക്ക് കടപ്പുറത്തെത്തുക എന്നത് വൈഷമ്യമുള്ള കാര്യമാണ്. അതിനാൽ പാലക്കാട്ടുനിന്നും ഈ ധ്യാനത്തിനെത്തിയ കബീർ ഉൾപ്പെടെ 15 പേർ മാത്രമാണ് ധ്യാനത്തിനുണ്ടായിരുന്നത്. എന്നാൽ രാത്രി യോഗത്തിന് മുപ്പത്തഞ്ച് പേർ പങ്കെടുത്തു മംഗളമായി നടന്നു.

ഈ ലക്കം മുഖലേഖനമാണ് പഠനത്തിനെടുത്തത്. ഹംസ കൂഴിവേലി അതുവായിച്ച് വിശദീകരിച്ചു. എത്ര ശ്രേഷ്ഠമായ മുഖക്കുറിപ്പ് ഡോ: പത്മകുമാർ അഭിപ്രായപ്പെട്ടു. സാറിന്റെ ഏതുലേഖനം വായിച്ചാലും ഇതാണ് ഏറ്റവും നന്നായിരിക്കുന്നത് എന്നു തോന്നും. പരസ്പരാനന്ദ ജീവിതം വ്യക്തിയുടേയും സമൂഹത്തിന്റേയും മാറ്റത്തിന് എങ്ങിനെ സഹായകരമാക്കാം. എന്ന വിഷയത്തെക്കുറിച്ച് ചർച്ചകൾ നടന്നു. വായനക്കാർക്കും ഇതിൽ പങ്കുചേരാം. അവനവനിലേക്ക് ചുരുങ്ങുന്ന മനസ്സാണ് ലോകപ്രശ്നങ്ങളുടെ കാതൽ മനസ്സിന്റെ വികാസം തന്നെ പരിഹാരവും മറ്റുള്ളവരെ കൂടി പരിഗണിച്ച് ജീവിതം വിശാലമാക്കുമ്പോൾ പട്ടിണിപോലും പങ്കിടാൻ തയ്യാറാകുമ്പോൾ പ്രശ്നങ്ങൾ അവസാനിക്കുന്നു. ജീവിതം പൂർണ്ണതയിലായി. പരസ്പരാനന്ദ ജീവിതമായി.

ചർച്ചയിൽ പങ്കെടുത്ത്, മറ്റുള്ളവരെ സന്തോഷിപ്പിച്ചാൽ നമുക്കും സന്തോഷവാനാകാം. സാമൂഹ്യ മാറ്റത്തിന്റെ തുടക്കമാണത് പരസ്പരാനന്ദജീവിത സങ്കല്പം സുചിന്തിതമായ ഒരു കാഴ്ചപ്പാടാണ്. നീർക്കുന്നം ഗോപകുമാർ അഭിപ്രായപ്പെട്ടു. ഫലം നോക്കി പ്രവർത്തിക്കുന്നതിനാൽ മുന്നോട്ടുള്ള പോക്ക് പ്രയാസമാണ്. ശരിനോക്കി പ്രവർത്തിക്കുന്ന കുറുപ്പുസാറിന്റെ ജീവിതശൈലിയാണ് സ്വീകരിക്കേണ്ടതെന്നും സതീഷ് ചന്ദ്രൻ അഭിപ്രായപ്പെട്ടു. അഷറഫും പങ്കജാക്ഷനും എല്ലാദിവസവും ആർക്കെങ്കിലും കഴിയുന്ന സേവനങ്ങൾ ചെയ്യണമെന്ന് അഭിപ്രായപ്പെട്ടു. അതാണ് പരസ്പരാനന്ദജീവിത മാർഗ്ഗം. ഗോവിന്ദനാവട്ടെ നമ്മുടെ നേട്ടങ്ങൾക്കും ജീവിതത്തിനും നാം സമൂഹത്തോട് കടപ്പെട്ടിരിക്കുന്നതിനാൽ സേവനം നമ്മുടെ കടമയാണന്ന് ഓർമിപ്പിച്ചു. പ്രസംഗങ്ങളൊക്കെ നിർത്തിയിട്ട് മനുഷ്യൻ അവന്റെ ദുശ്ശീലങ്ങളും അനാവശ്യമായ ചിന്തകളും തെറ്റായ ഭക്ഷണവും ഒന്നൊന്നായി ഉപേക്ഷിച്ചാൽ പരസ്പരാനന്ദ ജീവിത വഴി എഴുപ്പമാകുമെന്ന് ശിവാനന്ദൻ സാർ അഭിപ്രായപ്പെട്ടു. കുട്ടപ്പൻ സാറിന്റെ അഭിപ്രായം ശ്രദ്ധിക്കൂ. സാമൂഹ്യ പരിഷ്കർത്താക്കളൊക്കെ വളരെ ഗഹനമായ ആശയങ്ങളാണ് നമ്മെ പഠിപ്പിച്ചത്. എന്നാൽ കുറുപ്പുസാറാകട്ടെ എത്ര സിമ്പിളായിട്ടാണ് വിശ്വപരിവർത്തനത്തിനുള്ള സാധന നമുക്ക് ഉപദേശിച്ചുതന്നിരിക്കുന്നത്. ആർക്കും ഉൾക്കൊള്ളാവുന്ന ധ്യാനം, മൈത്രീഭാവന, ജൈവാർച്ചന, തറക്കൂട്ടം എന്നിട്ടെന്തെ നമ്മളിപ്പോഴും ഇങ്ങനെതന്നെ

ഇരിക്കുന്നത്? നന്നാവാനുള്ള പരിശ്രമം ഈ പുതുവർഷാരംഭത്തിൽ ഊർജിതമാക്കാൻ സാർ ആഹ്വാനം ചെയ്തു. ഒന്നും സമ്മതിക്കാത്തത് മനുഷ്യന്റെ ഞാനെന്ന ഭാവമാണെന്ന് ജ്യോതിഷനായ മുരളി അഭിപ്രായപ്പെട്ടു. ലോകത്തെ കുറിച്ച് പഠിക്കുന്ന കൂട്ടത്തിൽ പ്രസംഗിക്കുന്ന കൂട്ടത്തിൽ ഞാനാരാണെന്നും കൂടെ ഒന്നു ചിന്തിക്കുകയും പഠിക്കുകയും ചെയ്യണം. എല്ലാവരിലും ഈ ഞാനുണ്ട് ഞാനൊന്ന് തന്നെ. പിന്നെ ആര് ആരെയാണ് വെറുക്കുന്നത്. സ്നേഹിക്കുകയാണ് എല്ലാ പ്രശ്നങ്ങളുടേയും പരിഹാരം.

മനുഷ്യരെപ്പോളും ചോദ്യങ്ങൾ ചോദിക്കുന്നവരാണ്. ഉത്തരങ്ങൾ കണ്ടെത്താനും അവർക്ക് ബാധ്യതയുണ്ട്. ശരിഉത്തരം കണ്ടെത്തിയ ആളാണ് നമ്മുടെ കുറുപ്പുസാർ, ചന്ദ്രൻ പുറക്കാട് അഭിപ്രായപ്പെട്ടു. മതങ്ങൾ സ്നേഹത്തേക്കാൾ ഏറെ വിദ്വേഷം വളർത്തുന്നതായി അബ്ദുൽ ഹക്കീം അഭിപ്രായപ്പെട്ടു. ഇത് ആപത്താണ്. മതം പറയുംപോലെ ജീവിച്ചാൽ മതി. മതത്തിന് വേണ്ടി കൊല്ലുകയും ചാകുകയും വേണ്ട. പ്രിയമുള്ളവരേ, ശ്രീരാമചന്ദ്ര കൈമൾ ചില്ലാമഠം, സോമൻ വണ്ടാനം, മൂന്നാർ അഷറഫും കുടുംബവും ദേവദത്ത് ജി. പുറക്കാട്, പ്രേമ മകൻ ശംഭു, സനൽ കഞ്ഞിപ്പാടം, സുരേഷ്കുമാർ തോട്ടപ്പള്ളി ശാന്തി ഉണ്ണി മക്കൾ, ലത, കൃഷ്ണ, സന്ധ്യ, മകൻ തരുൺ തുടങ്ങിയവർ മൈത്രീ സംഗമത്തിന് പങ്കാളികളായി. ഇനി കഞ്ഞികുടിക്കാം. പയറും ഉപ്പിലിട്ടതും ഉണ്ട്. എല്ലാവരും മുറ്റത്ത് വട്ടം കൂടിയിരുന്ന് കഞ്ഞികുടിച്ചു.

കഴിഞ്ഞതെല്ലാം കഴിഞ്ഞു. പുതുവർഷത്തിൽ കുറേകൂടി മെച്ചമായ ഒരു നവലോകത്തിനായി സങ്കൽപം ചെയ്തു. ശരീരത്തിനും മനസ്സിനും നല്ല ഭക്ഷണം കൊടുക്കണം. രണ്ടിനേയും കുളിപ്പിക്കണം. അടക്കി ഇരുത്തണം നിയന്ത്രിക്കണം ധ്യാനിക്കണം പണി എടുപ്പിക്കണം. നല്ല ആരോഗ്യമുള്ള ശരീരവും അതിനുള്ളിൽ നല്ല ഒരു മനസ്സും വാർത്തെടുക്കണം. അതിന് ദർശനം ആശയങ്ങൾ സഹായകരമാണ്. കുറുപ്പുസാറിന് സന്ദേശം തരുവാനേ കഴിയൂ പ്രയോഗിക്കേണ്ടത് നാമാണ്. വഴികാണിച്ച് തരുന്നവർക്ക് കൂടെ നടക്കാനാവില്ല. നടക്കേണ്ടത് നമ്മളാണ്. രാത്രി 12.10ന് തുറവൂരിൽനിന്നും വിജയനാഥ് ധ്യാനം കഴിഞ്ഞ് വിളിച്ചു. എല്ലാവർക്കും പുതുവത്സരാശംസകൾ. ജയ്ജഗത്

# കത്തുകൾ മുത്തുകൾ

**1**

ശ്രീ.കെ.ജി.ബാലകൃഷ്ണപിള്ള സാറിന് 20.08.93ൽ അച്ഛൻ അയച്ച കത്ത് ചുവടെ ചേർക്കുന്നു.

ആത്മമിത്രമേ,

കേരള ജ്യോതികിട്ടി. തർജ്ജിമ ചെയ്ത ലേഖനം വായിച്ചു. ഹിന്ദിയുമായി ഇപ്പോൾ സമ്പർക്കം ഇല്ലെങ്കിലും വായിച്ച് മനസ്സിലാക്കാൻ കഴിഞ്ഞു. തർജ്ജിമ നന്നായിട്ടുണ്ടെന്ന് തോന്നുന്നതിനാൽ സ്വാംശീകരിച്ച് സന്തോഷമായി ഈ ജോലി നിർവഹിച്ചിരിക്കുകയാണെന്ന് കരുതുന്നു.

നമ്മുടെ ഇന്നത്തെ കാഴ്ചപ്പാട് അടിമുടി മാറേണ്ടിയിരിക്കുന്നു. നമ്മുടെ പ്രസിദ്ധീകരണങ്ങളേക്കാൾ അതിന് പ്രയോജനപ്പെടുന്നത് നമ്മുടെ സമീപനമാണ്. മനുഷ്യനെ സമീപിച്ച് ബന്ധം പുലർത്തി ജീവിക്കുവാൻ മനുഷ്യൻ മടിക്കുന്നതാണ് നമ്മുടെ പുരോഗതിയുടെ മുഖ്യ തടസം. നഗരത്തിൽ ഒരു ബന്ധു ശൃംഖല ഉടലെടുക്കുമോ സമീപ പ്രദേശങ്ങളിൽ നേരിട്ടും ദൂരേയ്ക്ക് യാത്ര ചെയ്തും നമുക്ക് ശ്രമിച്ചുക്കൊണ്ടിരിക്കാം. നമ്മുടെ ജീവിത കാലം മനുഷ്യോപരകാരപ്രദമാക്കാം. ഡിസംബർ 31 ജനുവരി 1 ഈവർഷത്തെ കൂടിച്ചേരൽ വന്നുചേരുമല്ലോ. സുഖമെന്നാശിക്കുന്നു.

---

**2**

*ജേർണലിസം പഠിക്കുന്ന കഞ്ഞിപ്പാടത്ത് പുളിവീട്ടിലെ നിധീഷ് കുമാറിന്റെ കത്താണിത്. ഡിഗ്രിയ്ക്ക് രണ്ടാം റാങ്ക് നേടിയ നിധീഷ് ഇപ്പോൾ ബിരുദാനന്തര പഠനത്തിലാണ്.*

ലോകസമാധാനം നിലനിർത്തുന്നതിനായി നൽകുന്ന സംഭാവനകൾക്ക് അംഗീകാരമായി വർഷംതോറും കൊടുത്തുവരുന്ന പുരസ്കാരമാണ് സമാധാനത്തിനുള്ള നോബൽ സമ്മാനം. 2014ലെ സമാധാന നോബൽ സമ്മാനം ബാലാവകാശ പ്രവർത്തകൻ കൈലാഷ് സത്യാർത്ഥി, താലിബാൻ വെടിയുണ്ടകളെ ഭയക്കാതെ കുട്ടികളുടെ വിദ്യാഭ്യാസ അവകാശങ്ങൾക്കായി പോരാടിയ മലാല യൂസഫ് സായി എന്നിവർ പങ്കിട്ടു. ഹിന്ദു-മുസ്ലീം, ഇന്ത്യ-പാക്കിസ്ഥാൻ, സ്ത്രീ-പുരുഷൻ തുടങ്ങി മതപരവും ദേശീയവും ലിംഗപരവുമായ വ്യത്യാസവും നിലനിൽക്കെ തന്നെ ഇവരുടെ പ്രവർത്തനങ്ങളിലെ

സമാനത പ്രത്യേക ശ്രദ്ധ അർഹിക്കുന്നു.

പാക്കിസ്ഥാൻ പൗരന്മാരെല്ലാം ഭീകരവാദപ്രവർത്തകരല്ലെന്ന് ഇന്ത്യക്കാരും, ഭാരതീയരെല്ലാം മുസ്ലീം വിരുദ്ധരല്ലെന്ന് പാക്കിസ്ഥാനികളും മനസ്സിലാക്കേണ്ട വരും കാലത്തേയ്ക്കുള്ള മുന്നറിയിപ്പാണ് ഈ പുരസ്ക്കാരം. സനാതനമായ ആത്മീയ മൂല്യങ്ങളാൽ സമ്പന്നമായ ഭാരതത്തിൽ നിന്നും, ലോകസാഹോദര്യത്തിനായി രൂപം കൊണ്ട ഇസ്ലാം മതത്തിന്റെ പിൻതലമുറക്കാരിൽ നിന്നും, നിന്നെ പോലെ നിന്റെ അയൽക്കാരേയും സ്നേഹിക്കുവാൻ ആഹ്വാനം ചെയ്ത യേശുവിന്റെ അനുയായികളിൽ നിന്നും വേണം യുദ്ധസാമഗ്രികൾ വാങ്ങാൻ പരസ്പരം മത്സരിക്കുന്ന ഭരണകൂടങ്ങൾക്ക് മറുപടിയുണ്ടാവാൻ. നമ്മെ ദൈനംദിനം വേദനിപ്പിക്കുന്ന വാർത്തകൾ പിറവിയെടുക്കുന്ന ഈ വേളയിൽ തന്റെ സഹോദരരെ തിരിച്ചറിഞ്ഞ് സ്നേഹിക്കുവാൻ നമ്മൾക്ക് കഴിയണം. ഇനി വൈകിക്കൂട അതിനായി ഒരു ഭരണ സാമൂഹിക സ്ഥാപനങ്ങളുടേയും അനുമതിയ്ക്കായി കാക്കേണ്ടതില്ലെന്ന് നാം തിരിച്ചറിയണം.

**നിധീഷ്കുമാർ പി.ആർ**, കഞ്ഞിപ്പാടം.

# 07382066874

---

**2**

പ്രിയപ്പെട്ട സാർ,

ഭൂമിക്കാരന്റെ കേരളയാത്രയെ കുറിച്ച് സവിസ്തരം ദർശനത്തിൽ എഴുതിയതിൽ വളരെയേറെ സന്തോഷിക്കുന്നു. “സത്യമായത് വിശ്വസിക്കാതിരിക്കുന്നതും അന്ധവിശ്വാസമാണ്.” വിശ്വസിക്കാതിരുന്നാൽ അതെങ്ങനെ വിശ്വാസമാകും? “വിശ്വാസം അല്ല ബോധ്യമാണ് കാമ്യം” സ്മരണാഞ്ജലി-വിവരണം ഏറെ ഹൃദ്യമായി. ക്ഷമയ്ക്കും കാരുണ്യത്തിനും അതിർത്തിയുണ്ടാവരുത്. ഏറെ ഇഷ്ടമായി. “ദർശനം കിട്ടാൻ താമസം വന്നാൽ നോക്കിയിരിക്കാതെ കൈയിലിരിക്കുന്ന ഒരു ദർശനം തപ്പിയെടുത്ത് വായിച്ചുകൊള്ളുക. അച്ഛന്റെ ആശയങ്ങളുടെ പുതുമ വായിക്കുംതോറും വർദ്ധിക്കുമെന്നതിനാൽ അതും പുതിയ ലക്കം തന്നെ. ഇഷ്ടമായി. കാല് കല്ലിൽ തട്ടിയാൽ ആരെങ്കിലും കണ്ണിനെ കുറ്റം പറയുമോ? ഉപമ നന്നായി.

സ്നേഹാദരങ്ങളോടെ,

സ്വന്തം **ജേപ്പി വേളമാനൂർ**

സത്യം

അഹിംസ

# ദർശനം മാസിക

വില : 3/-

No. R. No. 24812 / 73

EDITOR : DARSANAM, NEERKUNNAM, ALAPPUZHA, KERALAM-688 005.
Phone : 0477 2282377, E-mail : darsanamkanjippadom@gmail.com

To

**മടിശ്ശീല** : കഞ്ഞിപ്പാടത്തുനിന്നും അമ്മിണിചേച്ചി 100, ദിവാകര ചേച്ചട്ടന്റെ മകൻ ശശി 500, രാജമ്മ മാവേലിത്തറ, 100, സീതാലക്ഷ്മി 100, അമ്പലപ്പുഴയിൽ നിന്നും ദേവദത്ത് ജി. പുറക്കാട് 500, സരളചേച്ചി 200, കൃഷ്ണകുറുപ്പ് 200, ഡോ.അമ്പലപ്പുഴ ഗോപകുമാർ 500, വാസന്തിയമ്മ വൈദേഹി 300, തങ്കമണി സിതാര 250, നീർക്കുന്നത്തുനിന്നും ഗൗരിക്കുട്ടിയമ്മസാർ 200, ജസ്സിടീച്ചർ നഴ്സിംഗ് കോളേജ് 200, ശശിധരൻപിള്ളസാർ 200, അശോകൻ 100, ഡോ: പത്മകുമാർ 500, ഡോ: വേണുഗോപാൽ 500, പുരുഷോത്തമകൈമൾ 250, പാലക്കാട് കബീർ 200, സുരേഷ്ബാബു പുനലൂർ 1000, ശ്രീകുമാരി ചേച്ചി 500, ആർ.എൻ.പിള്ള പുന്നപ്ര 200, പരീത്കുഞ്ഞ് ബാംഗ്ലൂർ 1000, ബാലകൃഷ്ണപിള്ള തിരുവനന്തപുരം 200, ജോസ് ടി.എം. ചങ്ങനാശ്ശേരി 500, മുഹമ്മദ്അലി200. ഓർമ്മയിലുള്ളത് കുറിക്കുന്നു. ഇവിടെ ഒന്നിനും ഒരു വ്യവസ്ഥയുമില്ല. ചെലവ് - കലണ്ടർ + ദർശനം - 12000 രൂപ.

*കലണ്ടർ സന്ദേശം :* അരുതേ ആരോടും വിദ്വേഷം തോന്നരുതേ. ദ്വേഷിക്കുന്നവരെ സ്നേഹിക്കുക. അതാണ് നമ്മുടെ വലിപ്പം. അതിലും വലിയ തപസ്സില്ല. മനസ്സിൽ ക്രോധവും വെറുപ്പും എപ്പോഴൊക്കെ ഉണ്ടാകുന്നുവോ അപ്പോഴെല്ലാം ധ്യാനം കൊണ്ടത് പൂജ്യം അളവിൽ കൊണ്ട് നിർത്തുക. അപ്പോൾ ഉള്ളിൽ വിശ്വമൈത്രീഭാവന ഉടലെടുക്കും.

Edited, Printed & Published by : Dr.P.Radhakrishnan
Telephone : 0477 2282377, 9496158249

Founder Editor : D.Pankajaksha Kurup
at Chaithanya Offset Printers, Punnapra. Phone : 9895505306